
# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 37 ലക്കം മെയ് 2019 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്



വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ

ഞാൻ എന്റെ രക്ഷകനായ
ദൈവത്തിൽ ആഹ്ലാദിക്കുന്നു
എന്ന് ഉറക്കെ ഉദ്ഘോഷിച്ച
പരിശുദ്ധ കന്യകാമറിയമേ,
ജനപദങ്ങളുടെ മദ്ധ്യേ സധൈര്യം
ദൈവത്തെ പ്രഘോഷിക്കുവാൻ
ആവശ്യമായ പരിശുദ്ധാത്മശക്തി
ലഭിക്കുവാൻ അമ്മ
ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 37 ലക്കം ശ്ലീഹാ മെയ് 2019

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**മെർലിറ്റ് അഞ്ചാനിക്കൽ എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- ജീവനേകുന്ന അരുവിയാകുവാൻ 05
- ഈശോയുടെ നാമത്തിൽ പ്രാർത്ഥിക്കുന്ന സമൂഹം 07
- വിധിക്കാതെ വിശ്വാസം ജീവിക്കാം 09
- ആത്മീയപോരാട്ടവും ജാഗ്രതയും 11
- വേണം, കരുതലിന്റെ കരം 14
- ക്ഷമ 16
- കാവലാൾ 18
- അബ്രാഹം 20
- ഞാൻ ദൈവത്തിന്റെ വകയാണോ? 22
- അവളെന്റെ ശത്രുവാ 24
- സെനക്കിൾ തരംഗം 26
- ആയിരം കണ്ണുമായി 27
- നിത്യസഹായകൻ 29
- ഒറ്റതിരിയാതെ 30
- പത്രമാണിന്നു ദൈവം 32
- അമ്മയോടൊപ്പം 34



എഡിറ്റോറിയൽ

# സഹായകൻ കൂടെയുണ്ട്

ശ്രീലങ്ക, ആഫ്രിക്കയിലെ ബുർക്കിനോഫാസോ... ആക്രമിക്കപ്പെടുന്ന പള്ളികളുടെയും വധിക്കപ്പെടുന്ന വിശ്വാസികളുടെയും എണ്ണം വർദ്ധിച്ചുവരുന്നു. ഒറ്റപ്പെട്ട ആക്രമണങ്ങൾക്കു വിധേയപ്പെടുന്ന ആസിയാ ബീവിമാരും ധാരാളം. പുറത്തറിയാത്തതും അധികം വാർത്താപ്രാധാന്യം ലഭിക്കാത്തതുമായ സംഭവങ്ങളേറെ വേറെയുമുണ്ട്.

"അവർ എന്നെ പീഡിപ്പിച്ചുവെങ്കിൽ നിങ്ങളെയും പീഡിപ്പിക്കും" (യോഹ 15,20) എന്ന് ഈശോ തന്നെ അരുളിച്ചെയ്തിട്ടുണ്ട്. മാനുഷികശക്തിയിൽമാത്രം ആശ്രയിച്ചാൽ ഈശോയെപ്രതിയുള്ള പീഡനങ്ങൾ ഏറ്റുവാങ്ങാൻ സാദ്ധ്യമല്ല എന്ന് ശ്ലീഹന്മാരുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ടല്ലോ. "നിനക്കുവേണ്ടി എന്റെ ജീവൻ ഞാൻ ത്യജിക്കും" (യോഹ 13,37) എന്നു പറഞ്ഞ പത്രോസ്ശ്ലീഹായാണ് കേവലം പരിചാരകരുടെ മുമ്പിൽ ഈശോയെ തള്ളിപ്പറഞ്ഞത്. മറ്റു ശ്ലീഹന്മാരുടെ സ്ഥിതിയും ഒട്ടും മെച്ചമായിരുന്നില്ല. എന്നാൽ ഈശോ വാഗ്ദാനം ചെയ്തിരുന്ന പരിശുദ്ധാത്മാവിനെ സ്വീകരിച്ച ശ്ലീഹന്മാരിൽ വന്ന മാറ്റം അത്ഭുതാവഹമായിരുന്നു. ഈശോയ്ക്കുവേണ്ടി മാത്രം ജീവിക്കുവാനും ഈശോയ്ക്കുവേണ്ടി പീഡകൾ ഏറ്റെടുത്തു ജീവൻ ത്യജിക്കുവാനും അവർക്കു കഴിഞ്ഞു.

വലിയ ഭീകരാക്രമണങ്ങളോ വിശ്വാസജീവിതത്തിൽ തുടരുന്നതിനു തടസ്സമാകുന്ന സാഹചര്യങ്ങളോ പ്രത്യക്ഷത്തിൽ നമ്മിൽ ഭൂരിപക്ഷം പേർക്കും ഉണ്ടാകുന്നില്ല. എന്നാൽ ഈശോയ്ക്കുവേണ്ടി ജീവിക്കുന്നതിൽനിന്നും നമ്മെ തടയുവാൻ ദുഷ്ടാരൂപി എന്നും ശ്രമിച്ചുകൊണ്ടാണിരിക്കുന്നത്. ഉദാഹരണത്തിന് ക്രിസ്തീയമൂല്യങ്ങൾ ചവിട്ടിമെതിക്കപ്പെടുന്ന നിയമനിർമ്മാണങ്ങൾവരെ നടന്നുകഴിഞ്ഞു. ഈശോയ്ക്കുവേണ്ടി-സത്യത്തിനുവേണ്ടി നിലകൊള്ളേണ്ട ജീവിതസാഹചര്യങ്ങളിൽ ഈശോയെ തള്ളിപ്പറയുവാനുള്ള പ്രലോഭനങ്ങളൊക്കെ നമുക്കുമുണ്ടാകാം. അവിടെയൊക്കെ, ഈ ലോകത്തിൽ ലഭിക്കാവുന്ന നേട്ടങ്ങളെക്കാളുപരി, നമ്മുടെ വിശ്വാസം കാത്തുസൂക്ഷിക്കാൻ നമുക്കാവണം. ദുഷ്ടാരൂപിയോടുള്ള യുദ്ധത്തിൽ എന്നേക്കും നമ്മോടുകൂടെയായിരിക്കാൻ ഈശോ വാഗ്ദാനം ചെയ്ത സഹായകനായ പരിശുദ്ധാത്മാവ് (യോഹ 14,16), ശക്തിപ്പെടുത്തുന്നവനായി (യോഹ 15,26-17) എപ്പോഴും നമ്മോടുകൂടെയുണ്ട് എന്നത് കൂദാശാസ്വീകരണങ്ങളിലൂടെയും പ്രാർത്ഥനാജീവിതത്തിലൂടെയും നമുക്ക് ഉറപ്പിക്കാം.

പന്തക്കുസ്താത്തിരുനാളാശംസകളോടെ,

ചീഫ് എഡിറ്റർ



# ജീവനേകുന്ന അരുവിയാകുവാൻ

**അനു കുരിശുംമൂട്ടിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ഒരു കൊച്ചരുവിയായി വീണ്ടും ഒഴുകുവാൻ എന്നിൽ മഴയായി പെയ്തിറങ്ങണമേ... ഇരുണ്ടു മൂടിയ കാർമേഘത്തെ നോക്കി അരുവി കേണു. വേനലിന്റെ കടുപ്പം എന്നെയും ഉണക്കി. കടുത്ത ചൂടിനെയെല്ലാം അതിജീവിക്കുവാൻ എനിക്കാവുമെന്ന് വെറുതെ അഹങ്കരിച്ചിരുന്നു... ഈശോയുടെ ഉത്ഥാനാനന്തരം ജീവിതത്തിന്റെ വെട്ടം അണഞ്ഞുപോയെന്നും ആത്മാവ് വറ്റി വരണ്ടെന്നും കരുതിയിരുന്ന ശ്ലീഹന്മാർക്ക് ഈ ഉണങ്ങിയ അരുവിയുടെ വിചാരമായിരുന്നു. പരിശുദ്ധാത്മാവ് പെയ്തിറങ്ങിയതോടെ സുന്ദരമായ അരുവിയായി അവർ ഒഴുകിത്തുടങ്ങി. ഉത്ഥിതനായ മിശിഹായുടെ ധീരസാക്ഷികളാകുവാൻ നിത്യജീവന്റെ പാത തെളിച്ച് അവർ ഭൂമിയെ നനച്ചു തുടങ്ങി.

ശ്ലീഹാക്കാലം അഥവാ 'സാക്ഷ്യ'ത്തിന്റെ കാലം! ഉത്ഥിതന്റെ വിജയത്തിലാനന്ദിച്ച് അവിടുത്തെ സമാധാനത്തിൽ വിശ്രമിക്കുമ്പോൾ തിരുസ്സഭ നമ്മെ ഉണർത്തുകയാണ് സാക്ഷികളായിരിക്കേണ്ട ദൗത്യത്തിലേക്ക്... മാമ്മോദീസായിലൂടെ സഭയാകുന്ന മിശിഹായുടെ ശരീരത്തിലേക്ക് ഒട്ടിച്ചുചേർക്കപ്പെട്ട ക്രൈസ്തവൻ എന്നും ഓർമ്മിക്കേണ്ട വചനമാണ് വി. മത്തായിയുടെ സുവിശേഷം 28,18-20: "എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ! പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമ്മോദീസാ നല്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം പാലിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. ഇതാ ലോകാവസാനം വരെ എന്നും ഞാൻ നിങ്ങളോടുകൂടെയുണ്ട്".

ശ്ലീഹാക്കാലത്തിന്റെ വിശുദ്ധ വിചാരങ്ങളിലൂടെ മനസ്സിനെ പരിശോധിക്കുമ്പോൾ വെല്ലു

വിളിയായി ഉയരുന്ന ചോദ്യമാണ് ഉത്ഥിതനായ മിശിഹായ്ക്ക് ഇന്നോളം എങ്ങനെ സാക്ഷ്യം വഹിച്ചു എന്നത്. ജീവിക്കുന്ന, ജീവൻ തരുന്ന, എല്ലാ ജീവിതങ്ങളും ചെന്നെത്തേണ്ട ദൈവത്തോടൊത്തുള്ള സഹവാസമാണ് സാക്ഷ്യത്തിന്റെ തീവ്രതയളക്കുന്ന അളവുകോൽ. ദൈവസ്നേഹത്തിന്റെ മാറ്റുരച്ച അവിടുത്തെ പാർശ്വത്തിലെ മുറിപ്പാടിനോടു ചേർന്നിരിക്കുന്ന ക്രിസ്ത്യാനി തന്റെ നെഞ്ചിടിപ്പിന്റെ താളം ആരോഗ്യകരമാണെന്നു തിരിച്ചറിയുന്നത് അവിടുത്തെപ്പോലെ സഹോദരനുവേണ്ടി മുറിവേല്ക്കാനുള്ള ആത്മസമർപ്പണത്തിലാണ്. ഇതുതന്നെയല്ലേ ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളിലുടനീളം വിവരിക്കുന്നതും. മിശിഹായെ പ്രതി സഹനങ്ങൾ ഏറ്റെടുക്കേണ്ടി വന്നതിൽ ആനന്ദനൃത്തം ചെയ്യുന്ന ശ്ലീഹന്മാർ! തങ്ങൾക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന മക്കളിൽ മിശിഹാ ഉരുവാകുവോളം ഈറ്റുനോവനുഭവിക്കുന്ന ശ്ലീഹന്മാർ!

ഓരോ ക്രൈസ്തവനു ചുറ്റും ഒരു കൊച്ചു ലോകമുണ്ട്. തന്റെ ജീവിതംകൊണ്ടും പ്രവർത്തനംകൊണ്ടും ഈശോമിശിഹായാകുന്ന കാന്തികവലയത്തിലേക്ക്, അവിടുത്തെ ശരീരമാകുന്ന സഭയിലേക്ക്, തനിക്ക് ഏല്പിക്കപ്പെട്ടിരിക്കുന്നവരെ ഒട്ടിച്ചുനിർത്തുവാൻ ഓരോ വിശ്വാസിയും പ്രതിജ്ഞാബദ്ധനാണ്. അനുനിമിഷം ഈ ദൗത്യത്തെക്കുറിച്ച് ഉണർവുള്ളവരാകുവാൻ, പുതിയ ശക്തിയിലുയരാൻ, അവിടുത്തെ പരിശുദ്ധാത്മാവിനെ അവിരാമം നമ്മിലേക്ക് ഒഴുക്കുന്നു: "നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവുവഴി ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു" (റോമാ 5,5). പരിശുദ്ധാത്മാവിന്റെ നിറവിൽ, അവിടുത്തെ നിയന്ത്രണത്തിനു പൂർണമായി സമർപ്പിക്കുക എന്നത് ഉത്തമസാക്ഷിയായിരിക്കുന്നതിനുള്ള പ്രധാന മാനദണ്ഡമാണ്. അപ്പോഴേ ദൈവത്തിന്റെ സ്നേഹംകൊണ്ടും അവിടുത്തെ പരിശുദ്ധികൊണ്ടും നാം നിറയപ്പെടൂ. നന്മ അതിന്റെ സ്വഭാവത്താലെതന്നെ പ്രസരിക്കുന്നതിനാൽ ദൈവത്തോടൊത്തുള്ള വാസം അവിടുത്തെ സാക്ഷിയായിരിക്കുന്നതിലേക്ക് നമ്മെ നയിക്കും.

ശ്ലീഹന്മാർ പരിശുദ്ധ അമ്മയോടൊത്ത് ആത്മാവിന്റെ നിറവിനായി പ്രാർത്ഥനാനിരതരായിരുന്നതുപോലെ നമ്മിൽ ജീവിക്കുന്ന ദൈവസാന്നിദ്ധ്യത്തിലേക്ക് നമ്മെ വീണ്ടും സമർപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്ലീഹാക്കാലത്തിലൂടെ തിരുസ്സഭ നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ സഹവാസം ആത്മീയഫലങ്ങൾ നമ്മിലുളവാക്കും. പ്രകൃതി ഉല്പാദിപ്പിക്കുന്ന നല്ല ഫലങ്ങൾ മനുഷ്യന്റെ ആരോഗ്യത്തെ വർദ്ധിപ്പിക്കുന്നതുപോലെ പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ നിത്യജീവനെ പരിപോഷിപ്പിക്കുന്നവയാണ്. ദൈവസ്നേഹത്തിന്റെ അഗ്നിയിൽ ശുദ്ധി ചെയ്യപ്പെട്ട് സ്വയം ദാനമാകാൻ വെമ്പൽകൊള്ളുന്ന സ്നേഹമാണ് ക്രൈസ്തവന്റെ വേര്. സ്നേഹത്തിൽ ആഴമേറിയ വേരു പാകുമ്പോൾ ആനന്ദത്തിന്റെ തായ്ത്തണ്ടിൽ അവന്റെ ജീവിതം മുന്നേറും. കഷ്ടതകളുടെയും സഹനങ്ങളുടെയും അഭാവമല്ല, മറിച്ച്, ഇതിന്റെമേൽ വിജയം വരിച്ച മിശിഹായാണ് ആനന്ദത്തിന്റെ അടിസ്ഥാനപ്രമാണം! ആനന്ദത്തിന്റെ തായ്ത്തണ്ടിൽ പൊട്ടിവിരിയുന്ന ശാഖകളാണ് സമാധാനം! മിശിഹായിൽ വേരുറച്ചവന്റെ സാന്നിദ്ധ്യംതന്നെ സമാധാനത്തിന്റെ കാറ്റായി മാറും. ഈ ശാഖകളിൽ വിരിയുന്ന മധുരഫലങ്ങളാണ് ക്ഷമയും കരുണയും നന്മയും സൗമ്യതയും ആത്മസംയമനവും!

ശ്ലീഹാക്കാലം നമ്മെ ആഴമായ ആത്മശോധനയിലേക്കു നയിക്കട്ടെ! ആത്മാവിന്റെ ഫലങ്ങൾ എത്രമാത്രം നമ്മിൽ ഉണ്ടെന്ന്, മിശിഹായ്ക്കു സാക്ഷിയാകാൻ എത്രത്തോളം വിജയിച്ചെന്ന്, പരിശുദ്ധാത്മാവാകുന്ന അഗ്നിയുടെ മുമ്പിൽ നമ്മെ ശോധന ചെയ്യാം. 'എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന് ജീവജലത്തിന്റെ അരുവികൾ ഒഴുകും' എന്നരുളിയ മിശിഹായോട് നമുക്കും പ്രാർത്ഥിക്കാം... ജീവജലം ഒഴുക്കുന്ന ശുദ്ധ അരുവിയാകുവാൻ, എന്റെ മലിനതയെ കഴുകുവാൻ, എന്നിൽ പെയ്തിറങ്ങണമേ.




# സഭ: ഈശോയുടെ നാമത്തിൽ പ്രാർത്ഥിക്കുന്ന സമൂഹം


**റവ. മല്പാൻ മാത്യു വെള്ളാനിക്കൽ**


സഭയെ തന്റെ നാമത്തിൽ പ്രാർത്ഥിക്കുന്ന ഒരു സമൂഹമായിട്ടാണ് ഈശോ വിഭാവനം ചെയ്യുന്നത്. അവിടുന്നു ശിഷ്യന്മാരോടു പറയുന്നു: "അന്നു നിങ്ങൾ എന്റെ നാമത്തിൽ ചോദിക്കും; ഞാൻ നിങ്ങൾക്കുവേണ്ടി പിതാവിനോടു പ്രാർത്ഥിക്കാം എന്നു പറയുന്നില്ല. കാരണം പിതാവുതന്നെ നിങ്ങളെ സ്നേഹിക്കുന്നു. എന്തെന്നാൽ നിങ്ങൾ എന്നെ സ്നേഹിക്കുകയും, ഞാൻ ദൈവത്തിൽനിന്നു വന്നുവെന്നു വിശ്വസിക്കുകയും ചെയ്തിരിക്കുന്നു" (യോഹ 16,26 -27). മിശിഹായുടെ ഉത്ഥാനത്തിന്റെ ഫലമായി അവിടുത്തെ നാമത്തിൽ പ്രാർത്ഥിക്കുവാനുള്ള സാദ്ധ്യതയാണ് വിശ്വാസികൾക്കു കൈവരുന്നത്. 'ഈശോയുടെ നാമത്തിൽ പ്രാർത്ഥിക്കുക' എന്നു പറഞ്ഞാൽ ഈശോയുമായുള്ള ഐക്യത്തിൽ പ്രാർത്ഥിക്കുക എന്നാണർത്ഥം. ഈശോ ശരീരത്തിൽ ജീവിച്ചിരുന്നിടത്തോളംകാലം ശിഷ്യന്മാർക്ക് അവിടുത്തോടുള്ള ഐക്യത്തിൽ പ്രാർത്ഥിക്കുവാനാകുമായിരുന്നില്ല. കാരണം, ഈശോയ്ക്കും അവർക്കും വ്യത്യസ്ത ശരീരങ്ങളാണ് ഉണ്ടായിരുന്നത്. ഉത്ഥാനത്തോടുകൂടി ഈശോ അരൂപിയായി മാറുകയും ശിഷ്യന്മാരിൽ വസിച്ചുകൊണ്ട് അവരുമായി ഒരു ശരീരമായിത്തീരുവാനും കഴിഞ്ഞു. ഈ അവസ്ഥയിൽ അവർക്ക് ഈശോയുമായുള്ള ഐക്യത്തിൽ പ്രാർത്ഥിക്കുവാനും കഴിയുന്നു.

### സഭ: പുത്രന്റെ കാണപ്പെടുന്ന ശരീരം

ദൈവപുത്രനായ ഈശോ ഭൗതികശരീരത്തിലായിരുന്നപ്പോൾ ശിഷ്യന്മാരിൽനിന്നും ബാഹ്യമായി വ്യതിരിക്തമായ ഒരു ജീവിതമായിരുന്നു അവിടുത്തേത്. ശിഷ്യരുടെ ജീവിതവും പ്രാർത്ഥനയും ഈശോയുടെ ജീവിതത്തിൽനിന്നും പ്രാർത്ഥനയിൽനിന്നും വ്യത്യസ്തമായിരുന്നു. അതുകൊണ്ട് ശിഷ്യന്മാർ ഈശോയുമായുള്ള ഐക്യത്തിലും ഈശോയുടെ നാമത്തിലും പ്രാർത്ഥിക്കുവാൻ സാധിക്കാത്ത ഒരവസ്ഥയിലായിരുന്നു. സെനക്കിളിൽ ഈശോ ശിഷ്യന്മാരെ അത് ഓർമ്മിപ്പിക്കുന്നുണ്ട്: "ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും ചോദിച്ചിട്ടില്ല. ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും" (16,24). ഉത്ഥാനത്തോടുകൂടി ഈശോ അരൂപിയായി മാറി: "അവസാനത്തെ ആദം ജീവദാതാവായ ആത്മാവായിത്തീർന്നു" (1 കൊറി 15,45). ഉത്ഥാനത്തിലൂടെ ആത്മാവായിത്തീർന്ന ഈശോയ്ക്ക് ഇനി തന്നിൽ വിശ്വസിക്കുകയും തന്നെ സ്നേഹിക്കുകയും ചെയ്യുന്നവരിൽ ജീവിക്കാൻ കഴിയും. അവരുമായി ഒരു ശരീരമാകാൻ കഴിയും. അപ്രകാരം ഈശോ ജീവിക്കുന്ന ശരീരമാണ് അവിടുന്നിൽ വിശ്വസിക്കുകയും അവിടുത്തെ സ്നേഹിക്കുകയും ചെയ്യുന്ന സഭാസമൂഹം. സഭയെ മിശിഹായുടെ ശരീരമെന്നും സഭാംഗങ്ങളെ മിശിഹായുടെ ശരീരത്തിലെ അവയവങ്ങളെന്നും വിശുദ്ധ പൗലോസ്ശ്ലീഹാ വിശേഷിപ്പിക്കുന്നത്

(1 കൊറി 12,12) ഈ അർത്ഥത്തിലാണ്.

**സഭയുടെ പ്രാർത്ഥന: ഈശോയുടെ പ്രാർത്ഥന**

ഈശോയിൽ വിശ്വസിക്കുകയും ഈശോയെ സ്നേഹിക്കുകയും ചെയ്യുന്നവരുടെ സമൂഹമാകുന്ന സഭ മിശിഹായുടെ ശരീരമാണെങ്കിൽ, ഇന്ന് മിശിഹായുടെ ആത്മാവ് വസിക്കുന്നത് അവിടുത്തെ ശരീരമാകുന്ന ഈ സഭയിൽത്തന്നെയാണ്. സഭ പ്രാർത്ഥിക്കുമ്പോൾ മിശിഹാതന്നെയാണു പ്രാർത്ഥിക്കുന്നത്. അതുകൊണ്ടാണ് ഈശോ പറയുന്നത്: "നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു പ്രാർത്ഥിക്കുമ്പോൾ പിതാവുതന്നെ നിങ്ങളെ സ്നേഹിക്കുന്നു" എന്ന് (യോഹ 16,26). സഭാസമൂഹത്തിൽ പിതാവു തന്റെ പുത്രനെയാണു കാണുന്നത്. അപ്രകാരം സഭയുടെ പ്രാർത്ഥന, പുത്രനായ മിശിഹായുടെ പ്രാർത്ഥനതന്നെയായിത്തീരുന്നു. ദൈവപുത്രനായ മിശിഹായുടെ പ്രാർത്ഥന, പിതാവായ ദൈവം കേൾക്കാതിരിക്കുകയില്ല. അതുകൊണ്ട് സഭയുടെ പ്രാർത്ഥന ഏറ്റം ഫലപ്രദമായ പ്രാർത്ഥനയാണെന്നു പറയാം. അതുകൊണ്ട് സഭയുടെ പ്രാർത്ഥനയിൽ പങ്കുചേരുവാൻ സഭാംഗങ്ങൾ താല്പര്യമുള്ളവരാകണം. അപ്രകാരം, സഭയെ പ്രാർത്ഥിക്കുന്ന ഒരു സമൂഹമായി രൂപപ്പെടുത്തുവാൻ സഭാംഗങ്ങളെല്ലാവരും പ്രത്യേകം ശ്രദ്ധിക്കുകയും വേണം.

**നിരന്തരം പ്രാർത്ഥിക്കുന്ന സമൂഹം**

സഭ മിശിഹായുമായുള്ള ഐക്യത്തിൽ ജീവിക്കുന്നവരുടെ സമൂഹമായതുകൊണ്ട്, സഭ നമ്മുടെ മദ്ധ്യേ ജീവിക്കുന്ന മിശിഹാതന്നെയാണെന്ന് സഭാപിതാക്കന്മാരും സാക്ഷ്യപ്പെടുത്തുന്നുണ്ട്. മിശിഹാ എപ്പോഴും, എന്നും ദൈവപിതാവുമായി ഐക്യത്തിലായിരിക്കുന്നതുകൊണ്ട്, സഭ നിരന്തരം പ്രാർത്ഥിക്കുന്ന സമൂഹമായിത്തീരുന്നു. അതുകൊണ്ടായിരിക്കാം വിശുദ്ധ പൗലോസ്ശ്ലീഹാ ഇപ്രകാരം പറയുന്നത്: "ഇടവിടാതെ പ്രാർത്ഥിക്കുവിൻ. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് ഈശോമിശിഹായിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം" (1 തെസ 5,17-18). അതുകൊണ്ട് ക്രൈസ്തവജീവിതം അവശ്യം സഭാത്മകമായിരിക്കണം. പ്രാർത്ഥനാരൂപിയിൽ നിലനില്ക്കുന്ന ജീവിതമായിരിക്കണം സഭാംഗങ്ങളുടേത്. പ്രാർത്ഥന എന്നുവച്ചാൽ ദൈവസാന്നിദ്ധ്യത്തിലേക്കുള്ള ഉണർവുതന്നെയാണ്. അതുകൊണ്ട് ദൈവസാന്നിദ്ധ്യത്തിലേക്ക് നിരന്തരം ഉണർന്നിരിക്കുവാൻ സഭാംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. "പരീക്ഷയിൽ ഉൾപ്പെടാതിരിക്കുവാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ" (ലൂക്കാ 22,46) എന്ന ഈശോയുടെ വാക്കുകൾ ഇപ്രകാരം നിരന്തരം പ്രാർത്ഥിക്കുവാനുള്ള ആഹ്വാനമാണ്.

**സഭയുടെ പ്രാർത്ഥനകളിൽ പങ്കുചേരുന്ന സമൂഹം**

ക്രിസ്തീയപ്രാർത്ഥന അവശ്യം സഭാത്മകമാണെങ്കിൽ, സഭാത്മകമല്ലാത്ത ഒരു പ്രാർത്ഥനാജീവിതം ക്രൈസ്തവർക്കുണ്ടാകുവാൻ പാടില്ല. ഇക്കാര്യം പലരും ശ്രദ്ധിക്കാറില്ല. പ്രാർത്ഥന പലപ്പോഴും വ്യക്തിഗതമായ ഒരു അനുഷ്ഠാനമായിത്തീരുന്നുണ്ട്. ശരിയായ പ്രാർത്ഥനാജീവിതം നയിക്കണമെങ്കിൽ സഭയുടെ പ്രാർത്ഥനകളിൽ സഭാംഗങ്ങൾ പരിശീലിപ്പിക്കപ്പെടണം. അവയിൽ പങ്കുചേരുവാൻ സഭാംഗങ്ങളെല്ലാവരും ശ്രദ്ധിക്കണം. ഏറ്റം വലിയ പ്രാർത്ഥന പരിശുദ്ധ കുർബാനയാണല്ലോ. അതുകൊണ്ട് സാധിക്കുന്നിടത്തോളം പരിശുദ്ധ കുർബാനയിൽ പങ്കുചേരുവാൻ ക്രൈസ്തവർ ശ്രദ്ധിക്കണം. അതോടൊപ്പം സഭയുടെ യാമപ്രാർത്ഥനകളിൽ പങ്കുചേരുവാനും നാം ശ്രദ്ധിക്കേണ്ടതുണ്ട്. കുടുംബപ്രാർത്ഥന അവശ്യം സഭയുടെ യാമപ്രാർത്ഥനകൾ ഉൾക്കൊള്ളുന്നതായിരിക്കണം. ആ പതിവു നഷ്ടപ്പെട്ടുപോയ സീറോ മലബാർ സഭാംഗങ്ങൾ അതു വീണ്ടെടുക്കണം. അതുകൊണ്ട് വ്യക്തിപരമായ പ്രാർത്ഥന വേണ്ട എന്നല്ല. വ്യക്തിപരമായ പ്രാർത്ഥനയ്ക്ക് സഭാത്മകസ്വഭാവമുണ്ടെന്ന് നാം ഉറപ്പുവരുത്തണം. ഇപ്രകാരം ഈശോയുടെ നാമത്തിൽ പ്രാർത്ഥിക്കുന്ന ഒരു സമൂഹമായി സഭയെ രൂപപ്പെടുത്തുവാൻ എല്ലാ ക്രൈസ്തവരും ആത്മാർത്ഥമായി പരിശ്രമിക്കണം.

# വിധിക്കാതെ വിശ്വാസം ജീവിക്കാം



**സ്റ്റെഫി മംഗലത്തുകുന്നേൽ**

**വേ**നൽച്ചൂടും പരീക്ഷാച്ചൂടും സമ്മേളിച്ച നട്ടുച്ചയ്ക്ക് കൈയ്യിലിരിക്കുന്ന രണ്ടുരൂപാത്തുട്ടിനും പൊള്ളുന്ന ചൂടു പോലെ... തലേദിവസം, പരീക്ഷയെക്കുറിച്ചുള്ള വ്യഗ്രതയിൽ ബസ്സു വരുന്നതു ശ്രദ്ധിച്ചിരുന്നില്ല. ഡ്രൈവർ നിർത്തിത്തന്നതുകൊണ്ടു കയറി. തലേന്നത്തെ അനുഭവത്തെപ്പറ്റി പരസ്പരം പഴിചാരി നിൽക്കുമ്പോൾത്തന്നെ 'അമിത'വേഗതയിലാണ് ഇന്നു ബസ്സു വരുന്നത് എന്നു ശ്രദ്ധിച്ചു, അതും സമയത്തിനുമുമ്പേ... കൈനീട്ടി... മുന്നോട്ടുമാറ്റി നിർത്തി. 'വേഗം കയറ്' എന്ന കണ്ടക്ടറുടെ ആജ്ഞ ദഹിച്ചില്ലെങ്കിലും മുമ്പിലത്തെ സീറ്റിൽത്തന്നെ കയറിയിരുന്നു. മറ്റു രണ്ടു വിദ്യാർത്ഥികളും പ്രായംചെന്ന ഒരു അമ്മച്ചിയും ഒഴിച്ചാൽ ബസ്സിൽ അധികം യാത്രക്കാരില്ലായിരുന്നു. പതിവിനു വിപരീതമായി ടൗണിൽ പോകാതെ ഹൈവേയിലൂടെ പോയതിനെയും കൈനീട്ടിയ മറ്റു യാത്രക്കാരെ കയറ്റാതെ പാഞ്ഞുപോയതിനെയും നിർത്താതെ ഹോണടിച്ചതിനെയും പരമാവധി വിമർശിച്ചു. കഴിവിന്റെ പരമാവധിയിൽ പാഞ്ഞുകൊണ്ടിരിക്കുന്ന ബസ്സ് ആശുപത്രിയിലേക്കാണു തിരിയുന്നതെന്നു കണ്ടു. 'ചങ്കിനു വേദനയായിരുന്നു' എന്ന് ആ അമ്മച്ചിയെ ചൂണ്ടി സെക്യൂരിറ്റിയോടു പറഞ്ഞ ബസ്സിലെ ജീവനക്കാരെ കണ്ടപ്പോൾ നല്ല സമറായനെ നേരിടുന്നതുപോലെ... ജാള്യതയോടെ അടുത്ത സ്റ്റോപ്പിലിറങ്ങി നടക്കുമ്പോൾ പരസ്പരം പറഞ്ഞു, ഫുൾ ടിക്കറ്റെടുക്കാമായിരുന്നു.

"നിങ്ങൾ വിധിക്കുന്ന വിധിയാൽത്തന്നെ നിങ്ങളും വിധിക്കപ്പെടും" (മത്താ 7,2). വെറും ചില്ലറ മാത്രം കൊടുക്കുന്ന വിദ്യാർത്ഥികളായ ഞങ്ങളെ ഈ പരക്കംപാച്ചിലിനിടയിൽ ബസ്സിൽ കയറ്റിയതെന്തിന് എന്നത് അത്ഭുതകരമായ ഒരു ചോദ്യചിഹ്നം! മറ്റുള്ളവരുടെ വിശ്വാസത്തെയും പ്രവൃത്തിയെയും വിധിക്കുമ്പോൾ ഒരു ചോദ്യം... സ്വന്തംനേരെ കൈചൂണ്ടി എന്നെങ്കിലും പരിശോധിച്ചിട്ടുണ്ടോ എന്റെ വിശ്വാസത്തെ? വിധിയും വിമർശനവും മാറ്റിവച്ച് തീക്ഷ്ണതയോടെ വിശ്വാസം ജീവിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ശ്രീലങ്ക കേരളത്തിൽനിന്നും ഏറെ ദൂരെയല്ലെന്നതു മറക്കരുതേ... അന്ത്യവിധിക്കായി തിരുമുമ്പിൽ നിൽക്കേണ്ടിവരുമ്പോൾ "അങ്ങ് എന്നെ ഉരച്ചുനോക്കിയാൽ, എന്നിൽ തിന്മ കണ്ടെത്തുകയില്ല" (സങ്കീ 17,3) എന്ന സങ്കീർത്തന വചനം നമുക്കും ആവർത്തിക്കാനാവുമോ?

നീ ക്രിസ്ത്യാനിയാണോ എന്ന ചോദ്യം ചോദിച്ച് തോക്കുചൂണ്ടി നിൽക്കുന്ന അക്രമിയുടെ മുമ്പിൽ മാത്രമാണോ വിശ്വാസത്തിന്റെ സാക്ഷിയാകേണ്ടത്? രക്തസാക്ഷിയാകാനുള്ള ധൈര്യമുണ്ടാകേണ്ടതിന് നാം പരിശീലിക്കേണ്ട ഒരുപാടു പാഠങ്ങളുണ്ട്. ദൈവാലയത്തിലേക്കു പ്രവേശിക്കുന്നതും മുട്ടുകുത്തി കുരിശടയാളം വരയ്ക്കുന്നതും കണ്ടാലറിയാം നമ്മുടെ വിശ്വാസത്തിന്റെ ആഴം. പാരമ്പര്യമായി കിട്ടിയ ഭൗതികസമ്പത്തു കൈമോശം വരാതിരിക്കാൻ നാം എത്ര ശ്രദ്ധിക്കും! അങ്ങനെയെങ്കിൽ നമ്മെ നിത്യജീവനു യോഗ്യരാക്കുന്ന ആത്മീയസമ്പത്തിനുമേൽ എത്ര കരുതൽ വേണം. ശ്ലീഹന്മാരും പിൻഗാമികളും അവരുടെ രക്തം ചിന്തി സംരക്ഷിച്ച വിശ്വാസം നമ്മിലെത്തുമ്പോൾ നിലച്ചുപോകാൻ പാടില്ല. തോമ്മാശ്ലീഹായെപ്പോലെ ജീവിതം കൊണ്ട് ഈശോയെ കർത്താവും ദൈവവുമായി ഏറ്റുപറയാനാവണമെങ്കിൽ നാം പാലിക്കേണ്ട ചില മൂല്യങ്ങളുണ്ട്. പരസ്നേഹം, സത്യസന്ധത, നീതി മുതലായവയൊക്കെ പ്രധാനപ്പെട്ടതു തന്നെ. ഈ വാക്കുകളെപ്പോലും പരിഹാസത്തോടെ കാണുന്നവരുടെ സംഖ്യ ഉയരുന്നു എന്നത് വിശ്വാസികളുടെ ഹൃദയത്തെ നൊമ്പരപ്പെടുത്തേണ്ടതാണ്. ചെറിയ കാര്യത്തിനുപോലും കള്ളം പറയുന്നതും പരീക്ഷയ്ക്കു കോപ്പിയടിക്കുന്നതും അതിനു കൂട്ടുനിൽക്കുന്നതും ജീവിതത്തിന്റെ ഭാഗമായി കരുതുന്ന ഒരു തലമുറയുടെ യാത്ര ഭയം ജനിപ്പിക്കുന്നു. ഈ ജീവിതത്തിന് ഒരു അവസാനമുണ്ട് എന്നുപോലും ചിന്തിക്കാത്തതുപോലെ... കള്ളസാക്ഷ്യം പറയരുതെന്നും അന്യന്റേതൊന്നും മോഹിക്കരുതെന്നും മോഷ്ടിക്കരുതെന്നും ഒക്കെയുള്ള പ്രമാണങ്ങൾ ഇവിടെ ലംഘിക്കപ്പെടുന്നത് പറഞ്ഞു കുമ്പസാരിക്കേണ്ട പാപമല്ലാതാകുന്നുണ്ടോ? എന്തേ നാം നമ്മെത്തന്നെ വിമർശിക്കുവാൻ ഭയപ്പെടുന്നു?

പാഞ്ഞുവരുന്ന വെടിയുണ്ടയ്ക്കു മുമ്പിൽ പതറാതെ, ഞാനൊരു ക്രിസ്ത്യാനിയാണ് എന്നു പറയാൻ ധൈര്യപ്പെടുത്തുന്നത് ജീവിതത്തിൽ കൈമോശം വരാതെ കാത്തുസൂക്ഷിച്ച വിശ്വാസം തന്നെയാണ്. അല്ലെങ്കിൽ തയ്യാറായിരിക്കുന്ന നിത്യജീവന്റെ കിരീടത്തിൽനിന്ന് നാം ജീവനുംകൊണ്ടോടും. എവിടെവരെ? “പറന്നു പറന്ന് കടലിന്റെ അതിർത്തിയിൽ ചെന്നു പാർത്താൽ അവിടെയും അങ്ങേ തൃക്കരം എന്നെ പിടികൂടും” (സങ്കീ 139,9). മറ്റാരും അറിയില്ല എന്നു കരുതിയോ തെറ്റല്ല എന്നു സ്വയം സമാധാനിച്ചോ നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും നമ്മെ വിധിക്കാനുള്ളവൻ കാണുന്നുണ്ടെന്ന് ഓർക്കണം. ദുഷ്പ്രേരണയ്ക്ക് കാരണമാകുന്നുണ്ടെങ്കിൽ കൈ വെട്ടിക്കളയാനും കണ്ണ് ചൂഴ്ന്നെടുത്തുകളയാനും ഒക്കെ പറയുന്നത് നിത്യജീവിതത്തിന് അതിനേക്കാൾ മഹത്ത്വമുള്ളതിനാലാണ്. മനുഷ്യന്റെ വിധി തെറ്റിപ്പോകാം. എന്നാൽ ദൈവത്തിന്റെ വിധി തെറ്റുകയില്ലല്ലോ. അതിനാൽ എരിയുന്ന തീച്ചൂളയുടെ മുൻപിൽ നിന്നുകൊണ്ട് മൂന്നു യുവാക്കന്മാർ രാജാവിനോടു പറഞ്ഞ വാക്കുകൾ നമ്മുടെ പോരാട്ടത്തിൽ പ്രചോദനമാകട്ടെ.



*ആനന്ദിച്ച് ആഹ്ലാദിക്കുവിൻ - 7*



# ആത്മീയപോരാട്ടവും ജാഗ്രതയും വിവേകവും

**റവ. ഡോ. തോമസ് വടക്കേൽ**
**പാലാ രൂപത**

**ക്രൈ**സ്തവജീവിതമെന്നത് നിരന്തരമായ ഒരു പോരാട്ടത്തിന്റെ ജീവിതമാണ്. പിശാചിന്റെ പ്രലോഭനങ്ങളോടും ലോകത്തിന്റെ സ്വാധീനങ്ങളോടും തിന്മയുടെ ആധിപത്യം പുലർത്തുന്ന പ്രവണതകളോടും പോരാടേണ്ട ജീവിതമാണിത്. തിന്മകളുടെ അധിപനായ പിശാചിനെതിരേയുള്ള നിരന്തരമായ ഒരു കഠിനയത്നംകൂടിയാണിത്.

ദുഷ്ടശക്തി നമുക്കിടയിൽ സന്നിഹിതമാണ്. പിശാചില്ലെന്നോ പ്രവർത്തനനിരതനല്ലെന്നോ അനുമാനിക്കുന്ന അമിത ലഘൂകരണത്തിലേക്കു പോകുന്നത് ശരിയല്ല. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന പ്രാർത്ഥനയിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നുണ്ട്: "തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ" (മത്താ 6,3-13). തിന്മ (evil) എന്ന വാക്ക് അമൂർത്തമായിട്ടല്ല ഇവിടെ ഉപയോഗിച്ചിരിക്കുന്നത്; മറിച്ച് ദുഷ്ടൻ, ദുഷ്ടാരൂപി എന്ന അർത്ഥതലത്തിലാണ്. നമ്മെ ആക്രമിക്കുന്ന വ്യക്തിപരമായ ഒരു അസ്തിത്വത്തെയാണ് അത് സൂചിപ്പിക്കുന്നത്. അതിൽനിന്നുള്ള ഒരു മോചനത്തിനുവേണ്ടി പ്രാർത്ഥിക്കുവാനാണ് ഈശോ ഈ പ്രാർത്ഥനയിലൂടെ പഠിപ്പിക്കുന്നത്.

പിശാചിനെ ഒരു ഐതീഹ്യമോ (myth), ചിത്രീകരണമോ, ഒരാശയമോ ആയി മാത്രം കാണുന്നത് അപകടകരമാണ്. കാരണം ഈ ചിന്ത നമ്മെ ജാഗ്രത ഇല്ലാതാക്കുന്നതിലേക്കും അശ്രദ്ധമായ ജീവിതം നയിക്കുന്നതിലേക്കും കൊണ്ടുചെന്നെത്തിക്കും. നാം വേണ്ടത്ര ജാഗ്രത പുലർത്താതിരിക്കുമ്പോൾ പിശാച് നമ്മുടെ ജീവിതങ്ങളിൽ വെറുപ്പിന്റെയും ഏകാന്തതാബോധത്തിന്റെയും അസൂയയുടെയും തിന്മയുടെയും വിഷം നിറയ്ക്കുന്നു. പത്രോസ്ശ്ലീഹാ ഇങ്ങനെ പറയുന്നു: "നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റിനടക്കുന്നു" (1 പത്രോ 5,8).

### ജാഗ്രതയും വിശ്വസ്തതയും

വിശുദ്ധിയിലേക്കുള്ള പാത നിരന്തര പോരാട്ടങ്ങളുടെതായതിനാൽ സാത്താന്റെ കുടില തന്ത്രങ്ങളെ എതിർക്കാനും (എഫേ 6,11) അവന്റെ ജ്വലിക്കുന്ന കൂരമ്പുകളെ കെടുത്താനും ദൈവവചനത്തിന്റെ കൂട്ടു പിടിക്കണം. ഈ ആത്മീയപോരാട്ടത്തിൽ ശക്തമായ ആയുധങ്ങളായ വിശ്വാസനിർഭരമായ പ്രാർത്ഥന, ദൈവവചനത്തെക്കുറിച്ചുള്ള ധ്യാനം, ദിവ്യബലിയർപ്പണം, ദിവ്യകാരുണ്യ ആരാധന, കൗദാശിക അനുരഞ്ജനം, ഉപവിപ്രവൃത്തികൾ തുടങ്ങിയവ നമ്മൾ ഉപയോഗിക്കണം. നാം ശ്രദ്ധയില്ലാത്തവരാണെങ്കിൽ തിന്മയുടെ വ്യാജവാഗ്ദാനങ്ങൾ വേഗം നമ്മെ വശീകരിക്കും. തിന്മയെ തോല്പിക്കാനുള്ള മാർഗ്ഗങ്ങൾ നന്മ വളർത്തിയെടുക്കുക, ആത്മീയതയിൽ പുരോഗതി പ്രാപിക്കുക, സ്നേഹത്തിൽ വളരുക, ആത്മവിശ്വാസത്തോടെ മുന്നേറുക, പരാജയബോധത്തിൽ വീഴാതിരിക്കുക തുടങ്ങിയവയാണ്.

വിശുദ്ധിയുടെ പാതയിൽ സഞ്ചരിക്കുന്നവർ വിളക്ക് കത്തിച്ചും (ലൂക്കാ 12,35) തിന്മയിൽനിന്ന് അകന്നും (1 തെസ 5,22) ഉറങ്ങിക്കഴിയാതെ ജാഗരൂകരായും (1 തെസ 5,6) ഇരിക്കണം. ദൈവത്തിന്റെ നിയമത്തിനെതിരെ ഗുരുതരമായി ഞാൻ ഒന്നും ചെയ്യുന്നില്ല, അതിനാൽ എനിക്കു കുഴപ്പമില്ല എന്നു ചിന്തിക്കുന്നവർ മന്ദമായ ഒരു ആലസ്യത്തിന്റെ അവസ്ഥയിൽ വീണുപോകാൻ സാധ്യതയുണ്ട്. തങ്ങളെത്തന്നെ കുറ്റപ്പെടുത്തത്തക്ക ഒന്നും കാണാത്ത ഇക്കൂട്ടർ ആത്മീയജീവിതത്തിൽ ശ്രദ്ധ ചെലുത്താതിരിക്കുകയും ക്രമേണ ആത്മീയ അധഃപതന (spiritual corruption) ത്തിലേക്കു വീഴുകയും ചെയ്യും. ആത്മീയദൂഷ്യം ഒരു പാപിയുടെ പതനത്തേക്കാൾ മോശമാണ്.

### വിവേകം

ക്രൈസ്തവജീവിതത്തിൽ വിവേകം അത്യന്താപേക്ഷിതമാണ്. ക്രിസ്തീയജീവിതത്തിന്റെ യാത്രാവഴികളിൽ കണ്ടുമുട്ടുന്ന പലതും പരിശുദ്ധാത്മാവിൽനിന്നാണോ വരുന്നത് അതോ ദുരാത്മാവിൽനിന്നാണോ എന്ന് വിവേചിച്ചറിയേണ്ടതുണ്ട് (discernment). ഇത് ഒരു ദൈവദാനമാണ്. വിശ്വാസികൾ എല്ലാവരും ഈ വരദാനത്തിനായി പരിശുദ്ധാത്മാവിനോട് അപേക്ഷിക്കുകയും നിരന്തര പ്രാർത്ഥനയിലും വായനയിലും വിചിന്തനത്തിലും സദുപദേശസ്വീകരണത്തിലും വളരണം.

ന്യായവും നല്ലതുമെന്ന മട്ടിൽ അന്യായമായി പലതും അവതരിപ്പിക്കുന്ന ലോകത്തിൽ, വഞ്ചനയുടെ ഒരു സംസ്കാരത്തിൽ, പല തിരക്കഥകൾക്കും കീഴ്പ്പെട്ടു നീങ്ങുന്ന സ്ഥാപിത താല്പര്യത്തിന്റെ ലോകത്തിൽ, വിവേചിച്ചറിയലിന്റെ ദാനം ഒരു അടിയന്തരാവശ്യമാണ്. വിവേചനമില്ലെങ്കിൽ തിന്മയുടെ പ്രവണതകൾക്കു നാം വളരെ വേഗത്തിൽ ഇരകളായിത്തീരും. ചില പുതുമകൾ ജീവിതത്തിൽ കടന്നുവരുമ്പോൾ അത് ദൈവം നല്കുന്ന പുതുവീഞ്ഞാണോ അതോ പിശാചിന്റെ അരൂപി നല്കുന്ന വ്യാമോഹമാണോ എന്ന് തിരിച്ചറിയണം.

ജീവിതത്തിലെ ഗൗരവപൂർണമായ ചില പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, നിർണായമായ തീരുമാനങ്ങൾ എടുക്കേണ്ട സാഹചര്യങ്ങളിലും, വിവേചനാശക്തി ആവശ്യമാണ്. ദൈവത്തിന്റെ സമയക്രമങ്ങൾ തിരിച്ചറിയാനുള്ള ഒരു മാർഗ്ഗം കൂടിയാണിത്. കർത്താവിന്റെ സ്നേഹപൂർണമായ പദ്ധതിയിൽ അവിടുന്നു നല്കുന്ന സമൂർത്തമായ മാർഗ്ഗങ്ങൾ തിരിച്ചറിയാൻ ഈ വിവേചിച്ചറിയൽ നമ്മെ പ്രാപ്തരാക്കും. ഇത് ഒരു അതിസ്വാഭാവിക ദാനമാണ്. യുക്തിയും വിവേകവും വിവേചിച്ചറിയലിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ഇത് അവയ്ക്കും അതീതമാണ്. വിവേചനാവരം ഒരു കൃപയാണ് എന്നത് മറക്കരുത്.

കർത്താവിന്റെ സ്വരത്തിനു ചെവി കൊടുക്കണം. സ്വന്തം ഇഷ്ടമനുസരിച്ച് പ്രവർത്തിക്കാതെ കർത്താവിനെ ശ്രവിക്കണം. അപര്യാപ്തമായ ആശയങ്ങളെ വീക്ഷിക്കുന്ന പതിവു ശീലങ്ങൾ മാറ്റി കർത്താവിനോടു തുറവിയുള്ളവരായിരുന്നുകൊണ്ടു ജീവിക്കണം. ഇവിടെ സുവിശേഷത്തിന്റെ ശ്രവണത്തിലൂടെയും സുവിശേഷത്തെ സംരക്ഷിക്കുന്ന പ്രബോധനാധികാരത്തിന്റെ ശ്രവണത്തിലൂടെയുമാണ് കർത്താവിനെ നാം കേൾക്കുന്നത്. രക്ഷയ്ക്കാവശ്യമായതു കണ്ടെത്തുവാൻ സാധിക്കുന്നത് സഭയുടെ നിക്ഷേപാലയത്തിൽ നിന്നാണ്.


വിശുദ്ധിയുടെ വഴിയെ സഞ്ചരിക്കുമ്പോൾ മറിയത്തിന്റെ മാതൃക പിന്തുടരുക. വിശുദ്ധരിലെ വിശുദ്ധയും മറ്റെല്ലാവരെയുംകാൾ അനുഗൃഹീതയും വിശുദ്ധിയുടെ മാർഗ്ഗം നമ്മെ പഠിപ്പിക്കുകയും ചെയ്യുന്ന അമ്മ, നാം വീണുകിടക്കാൻ അനുവദിക്കാതെ, നമ്മെ കൈകളിലെടുക്കുന്നവളാണ്. പരിശുദ്ധ അമ്മയുമായുള്ള സംഭാഷണം നമ്മെ ആശ്വസിപ്പിക്കുകയും സ്വതന്ത്രരാക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നു. "നന്മ നിറഞ്ഞ മറിയമേ, സ്വസ്തി..." എന്ന് നാം എപ്പോഴും മന്ത്രിക്കണം.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................
ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192



# വേണം കരുതലിന്റെ കരം



മെർലിറ്റ് അഞ്ചാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ന**മ്മുടെയൊക്കെ ചിന്തകൾക്കും ഭാവനകൾക്കും അപ്പുറമാണ് ഇന്ന് ലോകത്തിന്റെ പ്രയാണം. സാങ്കേതികതയിലുള്ള പരിജ്ഞാനവും മറ്റു മേഖലകളിലുള്ള അവഗാഹവും അണ്ഡകടാഹത്തെ കീഴ്മേൽ മറിക്കുവാൻ തക്കവിധം വളർന്നു കഴിഞ്ഞിരിക്കുകയാണ്. പ്രപഞ്ചനിയന്താവായ ദൈവത്തെപ്പോലും വെല്ലുവിളിക്കുന്ന തരത്തിൽ സംഗതികൾ പരുവപ്പെട്ടുകൊണ്ടിരിക്കുന്നു. ദൈവത്തെ കൂടാതെ ജനനമരണങ്ങൾവരെ മനുഷ്യനു നിയന്ത്രിക്കാനാവും എന്നു പറയുന്ന നിലയിലായി.

ലോകത്തെ കൈപ്പിടിയിലൊതുക്കാനുള്ള നെട്ടോട്ടത്തിനിടയിൽ ഏറ്റവും പ്രഥമവും പ്രധാനവുമായ ഒരു കാര്യം മനുഷ്യൻ മറന്നുപോയി. അതു മറ്റൊന്നുമല്ല; തന്നെത്തന്നെയാണ് അവൻ മറന്നത്. തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല എന്നു കണ്ടതുകൊണ്ടാണ് ദൈവം അവനു സഖിയെ നല്കിയത്. എന്നാൽ സഖിത്വങ്ങളില്ലാത്ത, പാരസ്പര്യമില്ലാത്ത ഒരു ലോകത്തെ കെട്ടിപ്പടുക്കാൻ വല്ലാത്ത ത്വരയാണിന്നു മനുഷ്യന്. ഒരാൾ മറ്റൊരാൾക്കു ഭാരമേറിയ ചുമടായിരിക്കുകയാണ്. അതുകൊണ്ട് ആർക്കും ഉപകാരമില്ലാത്ത ആ 'ഭാരം' ഇറക്കി തനിയെ പോകുന്ന കാഴ്ചകളാണെവിടെയും. മക്കൾക്ക് മാതാപിതാക്കളും, യുവാക്കൾക്ക് മുതിർന്നവരും, മാതാപിതാക്കൾക്കു മക്കളും, ധനികനു ദരിദ്രനും, അയൽക്കാർ പരസ്പരവും, കുടുംബങ്ങളിൽ രോഗികളായി കഴിയുന്നവരും ഭാരമായിത്തോന്നുന്ന ഒരു യുഗത്തിലാണു നാം ജീവിക്കുന്നത്.

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ഭൂമിയും അതിലുള്ള സകലവും അവന് അവകാശമായി നല്കിയാണ് അവനെ അനുഗ്രഹിച്ചത്. എന്നാൽ തന്റെ 'അവകാശ'ത്തിൽ കൈകടത്തുന്നതെന്തും ഈ ഭൂമുഖത്തുനിന്നും ഇല്ലായ്മ ചെയ്യുന്ന ഹിംസയുടെ ഒരു സംസ്കാരത്തിന് വേഗമേറിക്കൊണ്ടിരിക്കുകയാണ്. ഏതാനും വർഷങ്ങൾക്കു മുമ്പുവരെ കൊണ്ടും കൊടുത്തും തങ്ങൾക്കുള്ളവ പങ്കുവച്ചും സന്തോഷിച്ചും കരുണയുടെയും അനുകമ്പയുടെയും കരുതലിന്റെയും കരം സഹജീവികൾക്കു കൊടുത്തും ജീവിച്ച ഒരു തലമുറയുണ്ടായിരുന്നെങ്കിൽ ഇന്നത് കടലാസിൽപോലും ഇല്ലാത്ത കടങ്കഥയായി മാറിക്കഴിഞ്ഞിരിക്കുന്നു.

മതത്തിന്റെ പേരിൽ, രാഷ്ട്രീയത്തിന്റെ പേരിൽ ഉറുമ്പിനെ കൊല്ലുന്ന ലാഘവത്തോടെ 'എതിരാളി'യെ വകവരുത്തുന്നതാണോ യഥാർത്ഥ മനുഷ്യനു ചേർന്ന സംസ്കാരം? ദൈവത്തിന്റെ ഛായ പേറുന്നവനാണ് മനുഷ്യനെങ്കിൽ ഇത്തരം കാരണങ്ങളാൽ സഹജീവിയെ എങ്ങനെ അറുംകൊലയ്ക്കു കൊടുക്കാനാകും? ഒരു തെറ്റും ചെയ്യാത്ത നിഷ്കളങ്കരായ കുഞ്ഞുങ്ങളെയും സമൂഹത്തിന്റെ നല്ല നിർമ്മിതിക്കായി മത, വർഗ്ഗ, വർണ്ണ വ്യത്യാസമില്ലാതെ അഹോ


രാത്രം സേവനം ചെയ്യുന്ന സുമനസ്സുകളെയും ആർക്കും ഉപദ്രവം ചെയ്യാത്ത സാധു മനുഷ്യരെയും ലോകത്തിൽനിന്നും നീക്കിക്കളയാൻ മാത്രം മനസ്സുകളെന്തേ ഇത്ര ക്രൂരമാകുന്നു? അടുത്തു നില്ക്കുന്നവൻ കൂടെപ്പിറപ്പാണെന്നു തിരിച്ചറിയാൻ നമുക്കിനി എന്നു സാധിക്കും?

വിവിധ സംസ്കാരങ്ങളുടെയും മതങ്ങളുടെയും നന്മകളും മൂല്യങ്ങളും സ്വാംശീകരിച്ച് സമഭാവേന ജീവിക്കുന്ന ഒരു സമൂഹത്തിനു മാത്രമേ ലോകോത്തരങ്ങളായ സംഭാവനകൾ നല്കാനാകൂ എന്ന കാര്യം വിസ്മൃതിയിലായിരിക്കുകയാണ്. ദൈവാംശംതന്നെയായ മനുഷ്യനിലെ, മറ്റു സൃഷ്ടികളിലെ, നല്ല വശങ്ങളെ സ്വീകരിക്കാനും അംഗീകരിക്കാനും ദൈവത്തെയെന്നപോലെ ആദരവോടെ കാണാനും സാധിക്കുമ്പോഴാണ് മനുഷ്യത്വത്തിന്റെ പൂർണതയിൽ നാം



ജീവിക്കുന്നു എന്നു പറയാനാകുക. വി. പൗലോസ്ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: “പരസ്പരം ബഹുമാനിക്കുന്നതിൽ ഓരോരുത്തരും മുന്നിട്ടു നില്ക്കുവിൻ” (12,10). വീണ്ടും, “പരസ്പരം സ്നേഹിക്കുകയെന്നതൊഴികെ നിങ്ങൾക്ക് ആരോടും ഒരു കടപ്പാടുമുണ്ടാകരുത്” (റോമാ 13,8) എന്നും നിർദ്ദേശിക്കുന്നു.

സ്നേഹം അതിൽത്തന്നെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാണ്; ഔഷധമാണ്. സ്നേഹം ഹൃദയത്തിൽ സംവഹിക്കുന്നവർക്ക് മറ്റുള്ളവരെ ദ്വേഷിക്കാനോ അവന്റെ തിന്മ ആഗ്രഹിക്കാനോ സാധിക്കില്ല. അതുകൊണ്ട് നമുക്ക് അന്യോന്യം സ്നേഹിക്കാം. പരസ്പരാദരവിൽ, സാഹോദര്യത്തിന്റെ ശക്തിയിൽ, ലോകത്തെ പുതുതായി പണിതുയർത്താൻ നമുക്കാവണം.



# ക്ഷമ




റവ. ഫാ. ജോബി ജോസ് വയലിൽ
കല്യാൺ രൂപത

"ക്ഷമ ആട്ടിൻസൂപ്പിന്റെ ഫലം ചെയ്യും"... എന്റെ അമ്മ പലപ്പോഴും മക്കളായ ഞങ്ങളോട് പറയാറുണ്ടായിരുന്ന ഒരു വാചകമാണിത്. ചെറുപ്പത്തിലെ കുസൃതികൾക്കൊടുവിൽ, വിട്ടുകൊടുക്കാൻ മനസ്സില്ലാതെ വരുമ്പോൾ അമ്മ പറയും, "പോട്ടെ, ക്ഷമ ആട്ടിൻസൂപ്പിന്റെ ഫലം ചെയ്യും". ഒന്നും മനസ്സിലായില്ലെങ്കിലും, മനസ്സില്ലാ മനസ്സോടെയാണെങ്കിലും, ക്ഷമിക്കാനും വിട്ടുകൊടുക്കാനും അമ്മയുടെ ഈ വാക്കുകൾ പഠിപ്പിക്കുകയായിരുന്നു.


ഈ ആധുനികലോകത്തിൽ പലർക്കും ക്ഷമിക്കാൻ സാധിക്കുന്നില്ല, വിട്ടുകൊടുക്കാൻ സാധിക്കുന്നില്ല. ഈസ്റ്റർ ദിനത്തിൽ ശ്രീലങ്കയിലെ ദൈവാലയങ്ങളിലും ഹോട്ടലുകളിലും നടന്ന സ്ഫോടനങ്ങളുടെയും അതിന്റെ ഫലമായുണ്ടായ കൂട്ടമരണങ്ങളുടെയും ദൃശ്യം ഇപ്പോഴും നമ്മുടെ കൺമുമ്പിൽനിന്നു മായുന്നില്ല. എന്തുകൊണ്ട് ആർക്കും ക്ഷമിക്കാൻ സാധിക്കുന്നില്ല, വിട്ടുകൊടുക്കാൻ സാധിക്കുന്നില്ല? ആരോടൊക്കെയോ ഉള്ള പക തീവ്രവാദികൾ നിരപരാധികളുടെമേൽ തീർക്കുന്നു. ക്ഷമിക്കാത്ത ലോകം നാശത്തിലേക്കാണ് കുതിക്കുന്നത് എന്ന് അനുദിന സംഭവങ്ങൾ നമുക്ക് മുന്നറിയിപ്പു നല്കുന്നു.

ഞാൻ മുംബൈയിലുള്ള അന്തേരിയിലെ ഒരു കൊച്ചുപള്ളിയിൽ സേവനത്തിനായി എത്തിയതിന്റെ പിറ്റേ ദിവസം എന്റെ വികാരിയച്ചൻ താമസിക്കുന്നിടത്തുള്ള ദൈവാലയത്തിൽ ബലിയർപ്പിക്കാൻ പോയി. രാത്രി ഒമ്പതര മണിയോടുകൂടി ഞാൻ തിരിച്ച് എന്റെ പള്ളിയിലേക്ക് യാത്ര ആരംഭിച്ചു. എന്റെ ബൈക്ക് ഒരു "T" ജംഗ്ഷനിലെ സിഗ്നലിൽ നിർത്തി. അപ്പോൾ ഓട്ടോ ഓടിച്ചുകൊണ്ടുവന്ന മധ്യവയസ്കനായ ഒരു ചേട്ടൻ സിഗ്നൽ കഴിഞ്ഞയുടനെ തന്റെ ഊഴം കാത്തുനില്ക്കാതെ ക്രോസ് ചെയ്യാൻ ശ്രമിച്ചു. സിഗ്നൽ കഴിഞ്ഞതുകൊണ്ട് മറുവശത്തുനിന്നും വാഹനങ്ങൾ മുമ്പോട്ടു വരുന്നുമുണ്ടായിരുന്നു. ബൈക്കിൽ വന്ന ഒരു ചെറുപ്പക്കാരൻ പെട്ടെന്നു ബ്രേക്ക് ഇട്ടതുകൊണ്ടുമാത്രം ആ ഓട്ടോയുമായി കൂട്ടിയിടിക്കാതെ കഷ്ടിച്ചു രക്ഷപെട്ടു. എന്നാൽ അവൻ ബൈക്കിൽനിന്നുമിറങ്ങി മധ്യവയസ്കനായ ആ ഓട്ടോക്കാരനെ കുറേ തല്ലി. അതിനുശേഷം ഏറ്റം ഹീനമായി, തന്റെ ബൂട്ടുകളുപയോഗിച്ച് കുറേ പ്രാവശ്യം ചവിട്ടുകയും ചെയ്തു. തന്റെ ദേഷ്യം തീർത്തശേഷം അവൻ ബൈക്കിൽ യാത്ര തുടർന്നു. പാവം ഓട്ടോക്കാരനും ഒന്നും പറയാതെ ഓട്ടോയുമായി പോയി. ആ ബൈക്കു യാത്രക്കാരനു വേണമെങ്കിൽ ക്ഷമിക്കാമായിരുന്നു. അപകടമൊന്നും ഉണ്ടാകാഞ്ഞിട്ടും ഒരു ചെറിയ തെറ്റിന് വലിയ ശിക്ഷ ആ ചെറുപ്പക്കാരൻ നല്കി. എന്തുകൊണ്ട് നമുക്ക് മറ്റുള്ളവരോടു ക്ഷമിക്കാൻ സാധിക്കുന്നില്ല? പലപ്പോഴും നമ്മൾ നമ്മോടുതന്നെ ചോദിക്കേണ്ട വലിയ ഒരു ചോദ്യമാണിത്.



“സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ” എന്ന പ്രാർത്ഥനയിൽ നാം വളരെ ഉച്ചത്തിൽ ഇപ്രകാരം ചൊല്ലും “ഞങ്ങളോടു തെറ്റു ചെയ്തവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ”. നമ്മൾ ക്ഷമിച്ചില്ലെങ്കിൽ നമ്മുടെ തെറ്റുകളും ക്ഷമിക്കപ്പെടുകയില്ല. അതുകൊണ്ട് നമുക്കു ക്ഷമിക്കാതിരിക്കാനാവില്ല. ക്ഷമയ്ക്ക് ബദലായി നില്ക്കുന്ന ഏറ്റവും വലിയ ഘടകം നമ്മുടെയോരോരുത്തരുടെയും ഉള്ളിലുള്ള ‘ഈഗോ’ ആണ്. ‘ഞാൻ’ എന്ന ഭാവം എന്നിൽ നിറഞ്ഞുനില്ക്കുമ്പോൾ എനിക്കു ക്ഷമിക്കാൻ സാധിക്കില്ല. ‘ഞാൻ’, ‘എനിക്ക്’ എന്നുള്ള ചിന്തകൾ മാറ്റി, ‘നമ്മൾ’, ‘നമുക്ക്’ എന്നു ചിന്തിക്കാൻ തുടങ്ങിയാൽ നമുക്കു ക്ഷമിക്കാൻ സാധിക്കും. അതായത് എന്നിലുള്ള ‘ഞാൻ’ എന്ന ഭാവത്തെ ഇല്ലാതാക്കി സ്വയം വിട്ടുകൊടുക്കുവാൻ, സമർപ്പിക്കുവാൻ സാധിക്കുമ്പോഴാണ് നമുക്കു ക്ഷമിക്കാൻ സാധിക്കുക.

നമ്മിൽ കുറച്ചു പേരെങ്കിലും ഒരു വലിയ പ്രശ്നമായി, ചോദ്യചിഹ്നമായി, കീറാമുട്ടിയായി ‘കോപം’ എന്ന വികാരത്തെ അഭിമുഖീകരിക്കുന്നുണ്ടാവും. എന്തുകൊണ്ടാണ് നാം പെട്ടെന്നു ക്ഷുഭിതരാകുന്നത്? അതിനുള്ള ഒരു കാരണം മറ്റുള്ളവരോടു ക്ഷമിക്കാത്ത നമ്മുടെ അവസ്ഥ തന്നെയാണ്. നമ്മെ വേദനിപ്പിച്ചവരോട്, ചൂഷണം ചെയ്തവരോട് പൂർണമായി ക്ഷമിക്കാത്തതിനാൽ അവശേഷിക്കുന്ന നമ്മുടെയുള്ളിലെ ചില മുറിവുകൾ നമ്മെ കോപിഷ്ഠരാക്കുന്നു. അതുകൊണ്ടുതന്നെയാണ് ക്ഷമിച്ചുകഴിയുമ്പോൾ പലർക്കും സൗഖ്യവും വിടുതലുമൊക്കെ ലഭിക്കുന്നത്. ശാന്തമായ ജീവിതം നയിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ? എങ്കിൽ നീ ഒരു കാര്യം ചെയ്യുക – നിന്നെ വേദനിപ്പിച്ചവരോട്, നിന്നെ ബുദ്ധിമുട്ടിച്ചവരോട്, നിന്നെ ചൂഷണം ചെയ്തവരോട് ആത്മാർത്ഥമായി ക്ഷമിക്കുക. നിന്റെ ജീവിതത്തിൽ അത്ഭുതങ്ങൾ സംഭവിക്കും. ഈശോ സ്വയം ബലിവസ്തുവായിത്തീരുന്ന പരിശുദ്ധ ബലിയിൽ നീ പങ്കെടുക്കുമ്പോൾ, പുരോഹിതൻ ഉയർത്തുന്ന തിരുകാസയിലെ തിരുരക്തത്തിലേക്ക് നീ നിന്നെത്തന്നെ വിട്ടുകൊടുക്കുക. തിരുരക്തത്താൽ കഴുകണമേ എന്നു പ്രാർത്ഥിക്കുക. നിനക്കു ക്ഷമിക്കാൻ സാധിക്കും. പരിശുദ്ധാത്മാവിന്റെ ഫലങ്ങളിലൊന്നായ ക്ഷമ എന്ന പുണ്യം അഭ്യസിക്കാനായി ഈ ശ്ലീഹാക്കാലത്തിൽ നമുക്കോരോരുത്തർക്കും ആത്മാർത്ഥമായി പരിശ്രമിക്കാം.





# കാവലാൾ- 15

ജാൻസിറ്റീച്ചർ
കറുകപ്പറമ്പിൽ

**പ**ത്താം ക്ലാസ്സിന്റെ മോഡൽ പരീക്ഷ നടക്കുന്നതുകൊണ്ട് എട്ടാം ക്ലാസ്സുകാർക്ക് അന്നവധിയായിരുന്നു. സ്റ്റീനാ ചെടികൾ നനച്ചുകൊണ്ടു നില്ക്കുമ്പോൾ ബീനാ ടീച്ചർ അവളുടെ അടുത്തുവന്നു. വലിയ ഗൗരവക്കാരിയായ, എപ്പോഴും ദേഷ്യപ്പെടുന്ന, ആ കണക്കുടീച്ചറിനെ കുട്ടികൾക്കു പേടിയാണ്. എന്തിലും കുറ്റം കണ്ടു പിടിക്കുന്ന ടീച്ചർ അധികമാരോടും ബന്ധം സ്ഥാപിക്കാറില്ല.

മുഖവുര ഒന്നും കൂടാതെ ടീച്ചർ പറഞ്ഞു: “സ്റ്റീനാ, കുറച്ചുകഴിയുമ്പോൾ റീഡിംഗ് റൂമിലേക്കു വരാമോ? എനിക്കൊരു കാര്യം പറയാനുണ്ട്”.

“ഞാൻ വരാം” എന്നവൾ പറഞ്ഞെങ്കിലും മനസ്സിലൊരു പേടി. എന്തിനാണോ വിളിക്കുന്നത്? ഇനി വല്ല കുഴപ്പവും...?

സ്റ്റീനാ ചെല്ലുമ്പോൾ ടീച്ചർ മൊബൈലിൽ എന്തോ തിരയുകയായിരുന്നു. “എന്താ ടീച്ചറേ?”

“മോളിരിക്ക്... മോൾ ടീച്ചറിനുവേണ്ടി ഒന്നു പ്രാർത്ഥിക്കാമോ? വീട്ടിൽ ആകെ പ്രശ്നങ്ങളാ. മൂത്തമകൻ എഞ്ചിനീയറിംഗ് പഠിച്ചതാ. പക്ഷേ മുറിയ്ക്കു പുറത്തേക്കു വരില്ല. രണ്ടാമത്തവൻ മിക്ക ദിവസവും വീട്ടിൽ വരത്തില്ല. മകൾ ഒരക്ഷരം എന്നോടു മിണ്ടത്തില്ല. ഭർത്താവാണെങ്കിൽ ഗൾഫിലും. ഒരു സ്വസ്ഥതയുമില്ല”.

സ്റ്റീനാ ചോദിച്ചു: "ടീച്ചറേ, അവിടെ പ്രായമായ, വിഷമിക്കുന്ന, ഒരമ്മച്ചിയുണ്ടോ?"

"ഇല്ല" മറുപടി പെട്ടെന്നു വന്നു.

"പക്ഷേ, കരയുന്ന ഒരമ്മയുടെ ചിത്രം പ്രാർത്ഥിക്കുമ്പോൾ കാണുന്നു". ടീച്ചർ ഒന്നു പതറി. പിന്നെ പറഞ്ഞു: "പുള്ളിക്കാരന്റെ അമ്മയെ ഞങ്ങൾ ഒരു സെന്ററിൽ ആക്കിയിട്ടുണ്ട്".

"ടീച്ചറേ, ആ അമ്മച്ചിയുടെ ഒരോ കണ്ണീർത്തുള്ളിയും ശാപമായി വീടിനുമേലുണ്ട്. ഞാൻ പൊയ്ക്കോട്ടെ. ടീച്ചർ കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിക്ക്".

അവൾക്കു ശ്വാസം മുട്ടുന്നതുപോലെ തോന്നി. വെറുപ്പു നിറഞ്ഞ ആത്മാക്കൾ ദൈവത്തിൽനിന്ന് ഏറെ അകലെയാണെന്ന് പരിശുദ്ധ അമ്മ എപ്പോഴും പറയും. അവൾ ചാപ്പലിൽ ചെന്ന് തല കുമ്പിട്ടു പ്രാർത്ഥിച്ചു. ആ കുടുംബത്തിനു കരുണ ലഭിക്കുവാൻ ഉപവസിച്ചു പ്രാർത്ഥിക്കുവാൻ അവൾ തീരുമാനിച്ചു. 'ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി നിനക്കു വേദന സഹിക്കാമോ?' ആ ചോദ്യം വീണ്ടും അവളുടെ ആത്മാവിൽ നിറഞ്ഞു.

ഉച്ചകഴിഞ്ഞു മൂന്നു മണിയായപ്പോൾ അവൾ ചാപ്പലിൽ ഒറ്റയ്ക്കായിരുന്നു. പെട്ടെന്ന് ആരോ അവളെ രണ്ടു കൈകളിലും തൂക്കിയെടുത്ത് വട്ടം കറക്കുന്നതുപോലെ അവൾക്കനുഭവപ്പെട്ടു. വട്ടം കറങ്ങി തലയടിച്ച് അവൾ ചാപ്പലിൽ വീണു. പെട്ടെന്ന് ഗൊരേത്തിയമ്മ എങ്ങനെയോ അവിടെയെത്തി. നെറ്റിയിലുണ്ടായ മുറിവിൽനിന്ന് ചോര പൊടിഞ്ഞുകൊണ്ടിരുന്നു. അവളെ മുറിയിൽ കൊണ്ടുപോയി കിടത്തി വെള്ളം കൊടുത്തശേഷം ഗൊരേത്തിയമ്മ കരുണക്കൊന്ത ചൊല്ലാൻ തുടങ്ങി. ആ മുറിയിൽ ഒരു പ്രത്യേക സുഗന്ധം വന്നപ്പോൾ സിസ്റ്റർ മുട്ടുകുത്തി. ആ സമയം സ്റ്റീനായുടെ മുഖത്ത് ഒരു പ്രത്യേക പ്രകാശം പരക്കുന്നത് ഗൊരേത്തിയമ്മ കണ്ടു. അവൾ ആരോടോ സംസാരിക്കുന്നതുപോലെ...

കുട്ടികൾ സ്കൂളിൽനിന്നു വരാറായപ്പോൾ അവൾ ഉണർന്നു. "ഞാൻ എപ്പോഴാ മുറിയിൽ വന്നത്?" അതിനു മറുപടി പറയാതെ ഗൊരേത്തിയമ്മ അവളുടെ കൈകളിൽ ചുംബിച്ചു. ആ കയ്യിൽ ചുരുട്ടിപ്പിടിച്ചിരുന്ന ജപമാലയിൽ നിന്നും സുഗന്ധം പ്രവഹിച്ചുകൊണ്ടിരുന്നു.

(തുടരും)






# അബ്രാഹം

**ഷിജി പറപ്പള്ളിയാത്ത്**

**വി**ശ്വാസികളുടെ പിതാവെന്ന് വിളിക്കപ്പെടുന്ന അബ്രാഹം കൽദായരുടെ ഊർ എന്ന പട്ടണത്തിൽ തേരഹിന്റെ മകനായി ജനിച്ചു (ഉൽപ 11,26-28). അബ്രാമിനെ ദൈവം 'അബ്രാഹം' എന്ന വിളിപേരു നല്കി തന്നോടു ചേർത്തുനിർത്തി. ഹീബ്രുവിൽ "വലിയ ജനതയുടെ പിതാവ്" എന്നാണീ വാക്കിനർത്ഥം. സഹോദരപുത്രൻ ലോത്തും ഭാര്യ സാറായുമൊത്ത് ഹാരാനിൽ താമസിക്കുമ്പോഴാണ് അബ്രാഹത്തെ ദൈവം വിളിക്കുന്നത്. ആട്ടിടയന്മാരായിരുന്ന അബ്രാഹവും കുടുംബവും മേച്ചിൽസ്ഥലങ്ങൾ തേടിനടന്നിരുന്നതിനാൽ അവരുടെ താമസസ്ഥലം എപ്പോഴും മാറിമാറികൊണ്ടിരുന്നു. സുരക്ഷിതത്വങ്ങൾ ഉപേക്ഷിച്ചുകൊണ്ട് മാനുഷികവും അചിന്തനീയവുമായ ദൈവിക വാഗ്ദാനത്തിൽ, മറുചോദ്യമില്ലാതെ വിശ്വാസമർപ്പിക്കുന്നു അബ്രാഹം.

"നിന്നിലൂടെ ഭൂമുഖത്തെ വംശമെല്ലാം അനുഗ്രഹീതമാകും" (ഉൽപ 12,3) എന്ന വാഗ്ദാനം ലഭിച്ച അബ്രാഹം വിശ്വാസികളുടെ പിതാവായതിന്റെ ചരിത്രം അത്ഭുതാവഹമാണ്. സഹോദരപുത്രനുമായി ഭൂമി വീതം വയ്ക്കുമ്പോൾ അവന് ഇഷ്ടമുള്ളത് എടുത്തുകൊള്ളാൻ പറയുന്നു. തിരഞ്ഞെടുപ്പിന്റെ തീരുമാനം അവനും അവകാശപ്പെട്ടതാണ് എന്നു കരുതുന്ന നല്ല മനുഷ്യൻ! നല്ല ഭാഗം കിട്ടാനല്ല; കിട്ടിയതിനെ നല്ല ഭാഗമാക്കുവാൻ ശ്രമിക്കുന്ന അബ്രാഹം. ജലപുഷ്ടിയുള്ള ഭൂമി ലോത്ത് തിരഞ്ഞെടുക്കുന്നു. പിന്നീട് ലോത്തിനെ അവന്റെ സ്വത്തുക്കളോടൊപ്പം ശത്രുക്കൾ പിടിച്ചുകൊണ്ടുപോയപ്പോൾ സർവ്വശക്തിയും ബലവും ഉപയോഗിച്ച് സ്വതന്ത്രനാക്കുന്ന അബ്രാഹം. യുദ്ധഭൂമിയിൽനിന്നും വിജയിച്ചുവന്ന അബ്രാമിനെ സാലെം രാജാവായ മെൽക്കിസെദെക്ക് അപ്പവും വീഞ്ഞും നല്കി അനുഗ്രഹിക്കുന്നു (ഉൽപ 14,20). ജീവിതയാത്രയിൽ ഇടയ്ക്കിടെ ദൈവവുമായി സംഭാഷിക്കുന്ന അബ്രാഹത്തെയാണ് നാം ബൈബിളിൽ കാണുന്നത്. ശപിക്കപ്പെട്ട നഗരങ്ങളായ സോദോമിനും ഗൊമോറായ്ക്കും വേണ്ടി ദൈവതിരുമുമ്പിൽ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്ന അബ്രാഹത്തെ ഉല്പ 18,22-33 ൽ നമുക്ക് പരിചയമുണ്ട്. പാപം ചെയ്തവർ പശ്ചാത്തപിക്കാത്തപ്പോഴും അവരുടെ ജീവൻ സംരക്ഷിക്കപ്പെടുന്നതിനു മുട്ടുകൾ മടക്കുന്ന നല്ല മനുഷ്യനെയാണ് അബ്രാഹത്തിൽ കാണുന്നത്.

വാർദ്ധക്യത്തിൽ തനിക്കായി ലഭിച്ച ജീവാംശത്തെ ബലിയർപ്പിക്കാൻ ദൈവം ചോദിച്ചപ്പോൾ നക്ഷത്രങ്ങളും മണൽത്തരികളും ഹൃദയത്തിൽ പേറിയ ആ നല്ല മനുഷ്യൻ നിലവിളിച്ചു കരഞ്ഞിട്ടുണ്ടാവും. ഇടറുന്ന ചുവടുകളും വിറയാർന്ന പാദങ്ങളുമായി മോറിയാമലയിലേക്കുള്ള മൂന്നു ദിവസത്തെ യാത്ര. ദൈവസ്വരത്തിന് കാതോർത്തിരുന്നവൻ... സ്വത്തുക്കളും സ്വന്തബന്ധങ്ങളും ഉപേക്ഷിച്ചതിന്റെ നൊമ്പരമേറെയുണ്ട്. അനുഗ്രഹമാകുമെന്ന വാഗ്ദാനത്തിന്റെ പിന്നാമ്പുറങ്ങളിൽ ഒളിമങ്ങാത്ത വേദനയുടെ കണ്ണുനീർ താഴ്‌വരകൾ കടന്നവൻ! വാഗ്ദാനവും ഏകമകനെ ബലിയർപ്പിക്കാനുള്ള ദൈവസ്വരവും ആ വൃദ്ധന്റെ ഹൃദയം സംഘർഷഭൂമിയാക്കി കാണും.

അഗ്നിപരീക്ഷകൾ ചേർത്തുവയ്ക്കാത്ത ആത്മീയയാത്രകളില്ലല്ലോ. വേദനയാൽ നീറുന്ന അബ്രാഹത്തിന്റെ ബലി ജ്വലിച്ചുതുടങ്ങി. ദൈവഹിതത്തിനു തലകുനിച്ച് ജീവിതബലിയുടെ മല കയറുമ്പോൾ ഉള്ളിലെ വിശ്വാസത്തിന്റെ തീനാളം ദൈവമണച്ചില്ല എന്നു വിശ്വസിക്കാം.


വിശ്വാസത്തിന്റെ മോറിയാമലകളിൽ കരുതി വച്ച കുഞ്ഞാട് ആഴമുള്ള വിശ്വാസത്തിന്റെ പ്രത്യുത്തരമാണ്. വേണം വിശ്വാസം; പോരാ ആഴമുള്ള വിശ്വാസംതന്നെ വേണം. പരീക്ഷിക്കപ്പെട്ടപ്പോഴെല്ലാം വിശ്വസ്തത തെളിയിച്ചവനാണ് അബ്രാഹം. അവനെ എന്തിനു തിരഞ്ഞെടുത്തുവെന്ന് ദൈവം പറഞ്ഞത് ഇപ്രകാരമാണ്: "ഞാൻ അവനെ തിരഞ്ഞെടുത്തിരിക്കുന്നത് നീതിയും ന്യായവും പ്രവർത്തിച്ച കർത്താവിന്റെ വഴിയിലൂടെ നടക്കാൻ തന്റെ മക്കളോടും പിൻമുറക്കാരോടും അവൻ കല്പിക്കുന്നതിനും അങ്ങനെ കർത്താവ് അവനോടു ചെയ്ത വാഗ്ദാനം പൂർത്തിയാക്കുന്നതിനും വേണ്ടിയാണ്" (ഉല്പ 18,19).

**അബ്രാഹം പറയുന്നു:**

*** അസാധ്യതകളിൽ സാധ്യത തെളിയിച്ചുതരുന്നവനാണ് നല്ല ദൈവം. അതായത് ജീവിതത്തിന്റെ മോറിയാമലകളിൽ ഒരു കുഞ്ഞാടിനെ നമുക്കായി അവിടുന്നു കരുതിവയ്ക്കുന്നു.**

*** ജീവിതബന്ധങ്ങളിൽ ഉദാരതയുടെയും കാരുണ്യത്തിന്റെയും പര്യായമാകണം (ഉല്പ 13,9).**

*** ദൈവകോപം ലഭിക്കാതിരിക്കാൻ അപരനുവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തണം (ഉല്പ 18,22-33)**



# ഞാൻ ദൈവത്തിന്റെ വകയാണോ?

റവ. ഫാ. ആൽബിൻ പാറയിൽ **O. Carm**




**ഒ**രു കഥകൊണ്ടു തുടങ്ങാം. സോഷ്യൽ മീഡിയായിൽ വന്ന ഒരു പ്രസംഗത്തിലെ കഥയാണിത്. ഒരു പള്ളിയിൽ കൊടിമരം പണിയാൻ തീരുമാനിച്ചു. കാശുള്ളവർ ഒരുപാടുണ്ടെങ്കിലും ഒരു സാധാരണ കൊടിമരം നിർമ്മിക്കാൻ തീരുമാനിച്ചു. പിന്നീട് സ്വർണ്ണനിറം പൂശാനും. അങ്ങനെ കൊടിമരം പണി ആരംഭിച്ചപ്പോഴാണ് തെക്കേതിലെ അവറാച്ചൻ ചേട്ടന് ഒരാഗ്രഹം. തന്റെ പേര് നാലാളറിയണം. അതിനൊരു വഴി അന്വേഷിച്ചു നടന്നപ്പോളാണ് ഈ കൊടിമരം തനിക്കു പണിയിച്ചാലെന്താ എന്നൊരു ചിന്ത വന്നത്. പിന്നെ ഒന്നുമാലോചിച്ചില്ല. നേരെ കമ്മറ്റിയിലേക്ക്. കൊടിമരം സ്വർണ്ണം കൊണ്ടു തന്നെ പണിയാം. കാശു മുഴുവനും തന്റെ വക. കമ്മറ്റിക്കാർ വിശ്വസിച്ചില്ല. അവറാച്ചേട്ടൻ ഒരു നിബന്ധനമാത്രം വച്ചു. കൊടിമരത്തിന്റെ താഴെ, "തെക്കേതിൽ അവറാച്ചൻ വക" എന്ന് എഴുതിവയ്ക്കണം. കമ്മറ്റിക്കാർക്ക് ഭയങ്കരം സന്തോഷം. അങ്ങനെ കൊടിമരം പണിതു. പേരെഴുതി വച്ചു. വെഞ്ചരിച്ചു. പെരുന്നാളിന് കൊടിയേറ്റും നടത്തി.

തിരുനാൾ ദിവസങ്ങളിൽ തിരക്കായതിനാൽ പിറ്റേദിവസം വൈകിട്ട് മാതാവും യൗസേപ്പിതാവും ഉണ്ണീശോയുംകൂടി നടക്കാനിറങ്ങി. ഇടവകക്കാർക്ക് എന്തുണ്ട് വിശേഷങ്ങൾ എന്നറിയാൻ അവർ രാത്രികാലങ്ങളിൽ നടക്കാനിറങ്ങുമായിരുന്നു. അന്ന് അവർ പുറത്തിറങ്ങിയപ്പോൾ ഞെട്ടിപ്പോയി. ഒരു പുതിയ കൊടിമരം. അതും സ്വർണ്ണത്തിന്റെ. മാതാവും യൗസേപ്പിതാവും കണ്ണു മഞ്ഞളിച്ചു നിന്നു. ഉണ്ണീശോ ഓടിച്ചെന്ന് അതിൽ കയറാനും നല്ല മിനുസമുള്ളതിനാൽ ഊർന്നിറങ്ങി കളിക്കാനും തുടങ്ങി. മാതാവിന്

അതുകണ്ട് ദേഷ്യം വന്നു. "ഉണ്ണീ മര്യാദയ്ക്കിരിക്ക്, നിനക്കിങ്ങനെ കേറിക്കളിക്കാൻ അത് നിന്റെ അപ്പന്റെ വകയല്ല". യൗസേപ്പിതാവ് ഞെട്ടിപ്പോയി. സങ്കടത്തോടെ ആ പാവം മാതാവിന്റെ നേരെ നോക്കി. താഴെ എഴുതിവച്ചിരിക്കുന്നത് മാതാവ് കാണിച്ചു: 'തെക്കേതിലെ അവറാച്ചൻ വക'. യൗസേപ്പിതാവ് സങ്കടത്തോടെ നോക്കിയപ്പോൾ, അതെ, ഉണ്ണിയുടെ കാൽക്കലും 'പുത്തൻവീട്ടിൽ മറിയാമ്മ വക'... മാതാവിന്റെ പുറത്ത് 'കിഴക്കേൽ ജോസ് വക'. സ്വന്തം കാലിലും കണ്ടു ആരുടേയോ വക എന്ന് എഴുതിവച്ചിരിക്കുന്നത്. എല്ലായിടത്തും ആരുടെയോ വക ആണെന്ന ലിഖിതങ്ങൾ കണ്ട് യൗസേപ്പിതാവും മാതാവും ഉണ്ണീശോയും തങ്ങൾക്കു തന്നിരിക്കുന്ന സ്ഥലത്തേക്ക് സങ്കടത്തോടെ തല താഴ്ത്തി കയറിപ്പോയി.

ഇതൊരു കഥയാണ്; ചിലപ്പോൾ യാഥാർത്ഥ്യവും. ഒന്നേ ചിന്തിക്കാനുള്ളു. ദൈവംപോലും നമ്മുടെ വകയായി മാറിയ ഈ കാലത്ത് നമ്മൾ ആരുടെ വകയാണ്? നമ്മുടെ സ്വന്തമായ, നമ്മുടെ വകയായ എല്ലാം സംരക്ഷിക്കേണ്ടത്, പരിപാലിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. നമ്മുടെ വീട്, സ്ഥലം, കാറ്... നമുക്കു സ്വന്തമായതെല്ലാം നമ്മുടെ അധീനതയിലാണ്. പക്ഷേ നാം ആരുടെ സ്വന്തമാണ്...?

ഈശോയുടെ മരണോത്ഥാനങ്ങൾക്കുശേഷം പരിശുദ്ധാത്മാവിനെ കാത്തിരിക്കുന്ന നാം നമ്മോടുതന്നെ ഒന്നു ചോദിക്കണം. ഞാൻ ആരുടെ വകയാണ്? കുടുംബത്തിന്റെ, സമൂഹത്തിന്റെ, സഭയുടെ, ലോകത്തിന്റെ... അതോ ദൈവത്തിന്റെ വകയാണോ? നാം ആരുടെ സ്വന്തമാണോ അവരാണ് നമ്മെ പരിപാലിക്കേണ്ടത്, സംരക്ഷിക്കേണ്ടത്. നാം പലപ്പോഴും നമ്മുടെ ആവശ്യങ്ങൾക്കായി എല്ലാം നമ്മുടെ വകയായി മാറ്റുകയാ... ദൈവത്തെപ്പോലും! നമ്മുടെ ആഗ്രഹങ്ങൾ, അഭിലാഷങ്ങൾ പൂവണിയാൻ നാം ദൈവത്തെപ്പോലും നമ്മുടെ സ്വന്തമാക്കുകയാ... ഇവിടെ ദൈവംപോലും നമ്മുടേതായി മാറുമ്പോൾ നാം ആരുടേതാണ് എന്നു ചിന്തിക്കുന്നില്ല.

നാം തമ്പുരാന്റെ വകയാണ് എന്ന ഒരു ബോധ്യം, ഉറപ്പ് ജീവിതത്തിലുണ്ടാവണം. ഞാൻ തമ്പുരാന്റെ സ്വന്തമായാൽ, എന്റെ ഈശോയുടെ വകയായാൽ പിന്നെ എന്നെ നോക്കേണ്ട ഉത്തരവാദിത്വം ആർക്കാ...? എന്റെ ഈശോയ്ക്കാ... നമ്മുടെ സ്വന്തമായതിനെ നാം സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതുപോലെ ദൈവത്തിന്റെ സ്വന്തമായതിനെ ദൈവവും സംരക്ഷിക്കും. അങ്ങനെ സ്വന്തമാക്കാൻ, അവന്റെ വക ആക്കാൻവേണ്ടിയാണ് അവൻ സ്വന്തം ശരീരവും രക്തവും പങ്കുവച്ചു നല്കിയത്; നമ്മെ സ്വന്തമാക്കാനുള്ള വിലയായി കുരിശിൽ സഹനമരണം ഏറ്റുവാങ്ങിയത്; തന്റെ സ്വന്തമായതിനെ നെഞ്ചോടു ചേർക്കാൻ ഉയിർത്തെഴുന്നേറ്റത്. ആ ഒരു ബോധ്യത്തിലേക്കു നാം വളരണം. ഈശോ എന്റെ വകയല്ല, മറിച്ച് ഞാൻ അവന്റെ സ്വന്തമാണ്. പിന്നെ എന്റെ എല്ലാ കാര്യങ്ങളും നോക്കിനടത്തേണ്ടത്, പരിപാലിക്കേണ്ടത്, സംരക്ഷിക്കേണ്ടത് അവന്റെ കടമയാ... സ്വന്തമായിരിക്കുന്നിടത്തോളം കാലം...

ഈ പന്തക്കുസ്താക്കാലത്ത് നമുക്ക് നമ്മെത്തന്നെ പരിശുദ്ധാത്മാവിനാൽ മുദ്രിതരാക്കി ഈശോയുടെ സ്വന്തമാകാം. നമ്മെ വിലകൊടുത്ത് തന്റെ വകയാക്കിയ ദൈവത്തിന്റെ സ്വന്തമാകാം. അനുദിന ദിവ്യകാരുണ്യസ്വീകരണത്തിലൂടെ നമ്മുടെ മനസ്സും ശരീരവും അവന്റേതാക്കി മാറ്റാം. പിന്നെ എന്തൊരാനന്ദം... ഒരു കുഞ്ഞിനെപ്പോലെ ഒന്നിനെക്കുറിച്ചും ആകുലരാകാതെ, അസ്വസ്ഥരാകാതെ, തമ്പുരാന്റെ കരങ്ങളിൽ നമ്മെത്തന്നെ സമർപ്പിച്ച് സന്തോഷത്തോടെ ജീവിക്കാം. "ആകാശത്തിലെ പക്ഷികളെ നോക്കുവിൻ: അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ ശേഖരിക്കുന്നുമില്ല. എങ്കിലും, നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് അവയെ തീറ്റിപ്പോറ്റുന്നു. അവയെക്കാൾ എത്രയോ വിലപ്പെട്ടവരാണു നിങ്ങൾ!" (മത്താ 6,26) - വില കൊടുത്തു സ്വന്തമാക്കിയവന്റെ വകയാണെങ്കിൽ... എങ്കിൽ, ഇനി മുതൽ ഞാനല്ല, മിശിഹായുടെ സ്വന്തമായ എന്നിലൂടെ മിശിഹാ ജീവിക്കും.



# അവളെന്റെ ശത്രുവാ

ഷിനി തെരേസ് മുതുപ്ലാക്കൽ

**“അ**വളെന്റെ ശത്രുവാ.”

രണ്ടക്കത്തിലേക്കുപോലും വയസ്സു കടക്കാത്ത പയ്യൻസ് രോഷത്തോടെ തുടർന്നു...

“അവൾ കാരണം ക്ലാസ്സിൽ ഞാൻ രണ്ടാമതായി. അതിന്റെ പേരിൽ അമ്മ എന്നെ തല്ലി. കുറേ വഴക്കും പറഞ്ഞു. എന്നിട്ട് എന്നോടു പിണങ്ങി മിണ്ടാതെയുമിരുന്നു. അടുത്ത വർഷമെങ്കിലും അവളെ തോല്പിച്ചില്ലെങ്കിൽ എങ്ങനെ ഞാൻ അമ്മയുടെ മുമ്പിൽ ചെല്ലും?”

അവലാതികളെല്ലാം വേവലാതിയോടെ നിരത്തിവച്ച്, ആകുലതകളുടെ ആധിക്യത്താൽ ചിരിക്കാൻ മറന്ന്, അസ്വസ്ഥതകളെല്ലാം കൈവിരലുകൾ പിടിച്ചു ഞെരിച്ചു പ്രകടമാക്കി, ഇരിപ്പുറയ്ക്കാതെ ഇരിക്കുന്ന ആ കുഞ്ഞിനെ കണ്ടപ്പോൾ മനസ്സിലേക്കു വന്നത് ഒരുപിടി ചോദ്യങ്ങളാണ്.

തമാശയും ഇണക്കവും പിണക്കവും കളിചിരികളും കുസൃതികളും കൂടുകൂട്ടേണ്ട നിഷ്ക്കളങ്ക ബാല്യത്തിൽ ശത്രുതയുടെ വിത്തു വിതയ്ക്കുന്നത് എന്തിനാണ്?

ഏതെങ്കിലും തലങ്ങളിൽ തന്നെക്കാൾ മുന്നിട്ടുനില്ക്കുന്നവൻ തന്റെ ശത്രുവാണെന്ന തെറ്റായ ബോധ്യം നല്കുന്നത് എന്തിനാണ്?

അപരനിലെ നന്മ അംഗീകരിക്കാൻ പഠിപ്പിക്കാതെ അസൂയ എന്ന വികാരത്തിന് വളമിടുന്നത് എന്തിനാണ്?

പാഠ്യവിഷയങ്ങളിൽ ഒന്നാമനാകുന്നവനു മാത്രമേ നിലനില്പ്പുള്ളു എന്ന അബദ്ധധാരണ പുലർത്തുന്നതും പരത്തുന്നതും എന്തിനാണ്?

അനാവശ്യമായ ആശങ്കകൾ ആവോളം കൊടുത്ത് കുഞ്ഞുങ്ങളുടെ ഭാവി ഇല്ലാതാക്കുന്നത് എന്തിനാണ്?

10, +2 ക്ലാസുകളിൽ പ്രതീക്ഷിച്ച ഫലം ലഭിക്കാതെ വന്നപ്പോൾ സ്വയം ജീവൻ അവസാനിപ്പിച്ചവരും, പിതാവിന്റെ ക്രൂരമായ മർദ്ദനത്തിനിരയായ കുട്ടിയുമൊക്കെ പത്രത്താളുകളിൽ വാർത്തയായി. ക്ലാസ്സിൽ ഒന്നാമനാകുന്നവൻ ജീവിതത്തിൽ വിജയിക്കണമെന്നില്ല. കുഞ്ഞുങ്ങളുടെ ബൗദ്ധികവും ഭൗതികവുമായ വളർച്ചയ്ക്ക് ആവശ്യകമായവമാത്രം നല്കിയാൽ പോരാ. എബ്രഹാം ലിങ്കൺ തന്റെ മകന്റെ അദ്ധ്യാപികയ്ക്ക് എഴുതിയ കത്ത് വളരെ പ്രസക്തമാണ്. അതിലെ ഏതാനും വരികൾ കുറിക്കട്ടെ: “ജീവിതം മുന്നോട്ടു നയിക്കാനാവശ്യമായ വിശ്വാസം, ധൈര്യം, സ്നേഹം

എന്നിവ അവൻ പഠിക്കട്ടെ. വെറുതെ കിട്ടിയ നൂറു രൂപയെക്കാൾ ഇരട്ടി മൂല്യമുള്ളതാണ് അദ്ധ്വാനിച്ചു നേടിയ പത്തു രൂപ എന്നുകൂടി അവനെ പഠിപ്പിക്കുക. തോൽവികളെ നേരിടാനും അഹങ്കരിക്കാതെ വിജയങ്ങളിൽ അഭിമാനിക്കാനും അവനെ പഠിപ്പിക്കുക. മറ്റുള്ളവരെ വഞ്ചിക്കുന്നതിലും നല്ലത് തോറ്റുകൊടുക്കുന്നതാണെന്ന് അവൻ പഠിക്കണം. എല്ലാവരുടെയും വാക്കുകൾക്കു ചെവിയോർക്കാൻ അവനെ പഠിപ്പിക്കുക. എല്ലാം കേൾക്കുവാനും അതിൽനിന്ന് ആവശ്യമായവമാത്രം അരിച്ചെടുക്കുവാനും അവൻ അറിയണം. അദ്ധ്വാനത്തിനും ആശയങ്ങൾക്കും തക്ക പ്രതിഫലം വാങ്ങാൻ അവനു കഴിയണം. എന്നാൽ ആത്മാവിനും ഹൃദയത്തിനും വിലയിടാൻ അനുവദിക്കരുത്. അവൻ നല്ലൊരു മനുഷ്യനായി മാറട്ടെ".

വൃക്ഷത്തെ ഫലംകൊണ്ടാണല്ലോ തിരിച്ചറിയുന്നത് (മത്താ 12,33). ഉന്നതവിദ്യാഭ്യാസവും സമ്പത്തും ജോലിയുമൊക്കെ നേടിയാലും ഫലം പുറപ്പെടുവിക്കാത്ത, ഇലക്കൊഴുപ്പുള്ള, വൃക്ഷങ്ങൾ മാത്രമായി മാറിയാൽ ദൈവത്തിന്റെ വിശപ്പു മാറ്റുവാൻ സാധിക്കാതെ വരും (മത്താ 21,19). ചോദ്യങ്ങൾ നേരത്തെ ലഭിച്ചിട്ടും, ജയിക്കേണ്ട അവസാന പരീക്ഷയിൽ നാം തോല്ക്കേണ്ടി വരും. അവസാനപരീക്ഷയിലെ ചോദ്യങ്ങൾക്കൊടുവിൽ കേൾക്കാനാഗ്രഹിക്കുന്നത്, "വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ... എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത്" (മത്താ 25,31-40) എന്ന രക്ഷാകരമായ വാക്കുകളാണെങ്കിൽ, നാം തീർച്ചയായും പരിശുദ്ധാരൂപിയുടെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരായേ തീരൂ.

പരിശുദ്ധാത്മാവിന്റെ ഫലങ്ങളായ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം (ഗലാ 5,22-23) തുടങ്ങിയവയാൽ നിറഞ്ഞ് അത് മറ്റുള്ളവരിലേക്ക് ഒഴുക്കുന്നവരാണ് യഥാർത്ഥത്തിൽ ജീവിതവിജയം നേടുന്നത്. "എനിക്കു വിശന്നു; നിങ്ങൾ ഭക്ഷിക്കാൻ തന്നു" എന്നു തുടങ്ങി, ദാഹം ശമിപ്പിച്ചതും ഉടുപ്പിച്ചതും സ്വന്തമായി സ്വീകരിച്ചതും സന്ദർശിച്ചതും (മത്താ 25,35-36) എല്ലാമെടുത്തു പറയുന്ന ദൈവസ്വരം നമ്മെ ഓർമ്മിപ്പിക്കുന്നതും ഇതുതന്നെയാണ്. ശാരീരികമായ വിശപ്പും ദാഹവും നഗ്നതയും പരദേശവാസവും കാരാഗൃഹവാസവും മാത്രമല്ല ഇവിടെ ഉദ്ദേശിക്കുന്നതെന്നതും നമുക്ക് അറിയാവുന്നതുതന്നെയാണ്. അല്പം സ്നേഹത്തിനും സമാധാനത്തിനും സന്തോഷത്തിനും ദയയ്ക്കും ക്ഷമയ്ക്കുമൊക്കെവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ നമ്മുടെ ചുറ്റുപാടുമുണ്ട്. മറ്റുള്ളവരാൽ തിരസ്കരിക്കപ്പെട്ട്, സമൂഹത്തിന്റെ മുൻധാരയിൽനിന്നും അകറ്റപ്പെട്ട് പരദേശികളെപ്പോലെ ജീവിക്കുന്നവരുണ്ട്. എന്തെങ്കിലും സംഭവങ്ങളുടെ പേരിൽ സത്പേര് നഷ്ടപ്പെട്ട് സമൂഹത്തിൽ നഗ്നതയനുഭവിക്കുന്നവരുണ്ട്. ചില മുൻവിധികളുടെയും തെറ്റുധാരണകളുടെയുമൊക്കെ കാരാഗൃഹങ്ങളിൽ അടയ്ക്കപ്പെട്ടവരുണ്ട്. ആത്മാവിന്റെ ഫലങ്ങളുമായി അവരുടെയിടയിലേക്കു കടന്നുചെല്ലുവാൻ നമുക്കു സാധിച്ചിരുന്നെങ്കിൽ...

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2,52). ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളരണമെങ്കിൽ ഏറ്റവും മുന്തിയ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ എങ്ങനെയും പ്രവേശനം തരപ്പെടുത്തി, ഡിഗ്രികൾ പലതു സമ്പാദിച്ച്, തലച്ചോർമാത്രം വികസിപ്പിച്ചാൽപോരാ. അതിന് പരിശുദ്ധാത്മാവിന്റെ കലാലയത്തിലിരുന്ന് നാം പഠിക്കേണ്ടതുണ്ട്. ജീവിതത്തിൽ സന്തോഷവും സമാധാനവുമില്ലെങ്കിൽ നമ്മുടെ നേട്ടങ്ങൾക്കൊണ്ട് എന്തു പ്രയോജനം? "ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം?" (മത്താ 16,26) എന്ന തിരുമൊഴി ജീവിതയാത്രയിൽ നമുക്കു വെളിച്ചം പകരട്ടെ.

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ഈശോയുടെ മഹത്ത്വീകരണത്തിലൂടെ മനുഷ്യകുലത്തിനു നല്കപ്പെട്ട മഹാദാനമായ പരിശുദ്ധാരൂപിയെയും, പരിശുദ്ധാരൂപിയിൽ ജനിച്ച്, പരിശുദ്ധാരൂപിയാൽ നയിക്കപ്പെടുന്ന ദൈവജനത്തിന്റെ ജീവിതത്തെയും പ്രത്യേകം അനുസ്മരിക്കുന്ന കാലഘട്ടമാണല്ലോ ശ്ലീഹാക്കാലം. പ്രവേശകകൂദാശകളായ മാമ്മോദീസായിലൂടെ പരിശുദ്ധാത്മാവിൽ ജനിക്കുകയും തൈലാഭിഷേകത്തിലൂടെ പരിശുദ്ധാത്മാവിന്റെ ദാനങ്ങളിലും വരദാനങ്ങളിലും സമ്പന്നരാവുകയും പരിശുദ്ധ കുർബാനയിലൂടെ പരിശുദ്ധാത്മാവിൽ വളരുകയും ചെയ്യുന്ന ക്രിസ്തീയജീവിതമാകുന്ന രഹസ്യത്തെ പ്രത്യേകം അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന കാലഘട്ടമാണ് ശ്ലീഹാക്കാലം. പരിശുദ്ധാത്മാവിലുള്ള ജീവിതത്തെ വെറും വ്യക്തിഗതമായി കരുതുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന ഒരു തെറ്റായ പ്രവണത ഇന്നു വിശ്വാസികളിൽ വർദ്ധിച്ചുവന്നിട്ടുണ്ട്. എന്നാൽ പരിശുദ്ധാത്മാവ് പന്തക്കുസ്താനുഭവത്തിലൂടെ നല്കപ്പെട്ടത് സഭയ്ക്കാണെന്നും സഭയുടെ പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ കൂദാശാജീവിതത്തിലൂടെയാണ് പരിശുദ്ധാത്മാവിൽ വളരേണ്ടതെന്നും, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ജീവിതം അവശ്യം സഭാത്മകമാണെന്നുമുള്ള വസ്തുതകൾ ഇന്ന് വിസ്മരിക്കപ്പെട്ടിരിക്കുന്നു. ഈ കുറവുകൾ നികത്തി വിശ്വാസികളെ പരിശുദ്ധാത്മാവിലുള്ള ശരിയായ ജീവിതത്തിൽ വളർത്താൻ അജപാലനശുശ്രൂഷയിൽ നമുക്കു ശ്രദ്ധിക്കാം.

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

ഇറ്റലിയിലെ 'വിശുദ്ധിയുടെ പ്രേഷിതകുടുംബ'ത്തിലെ മൂന്ന് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ അംഗങ്ങളായ അപ്പസ്തോലിക് ഒബ്ലേറ്റ്സ്, അപ്പസ്തോലിക് സൊദാലെസ്, സോഷ്യൽ ആനിമേറ്റേഴ്സ് എന്നിവരെല്ലാം 2019 മെയ് 1-ാം തീയതി ഒരുമിച്ചുകൂടി 'ഉടമ്പടിയുടെ തിരുനാൾ' ആഘോഷിക്കുകയും അവരുടെ പ്രതിബദ്ധതാവാഗ്ദാനം നവീകരിക്കുകയും ചെയ്തു. പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ പ്രസ്തുത ആഘോഷത്തിന് പ്രധാന കാർമ്മികത്വം വഹിച്ചത് അപ്പസ്തോലിക് സൊദാലെസിന്റെ ജനറൽ മേജർ ഫാദർ, പെരിയ ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചനാണ്. പരിശുദ്ധ കുർബാനയാഘോഷമദ്ധ്യേ ചങ്ങനാശ്ശേരി അതിരൂപതാംഗമായ ബഹു. റോബി ആലഞ്ചേരി അച്ചൻ പ്രഥമ വ്രതവാഗ്ദാനം നടത്തി, അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗമായിത്തീർന്നു. ഇറ്റലിയിലെ തീവൊളിയിലുള്ള 'സിസിലിയാനോ'യിൽ, അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ സ്പിരിച്ച്വാലിറ്റി സെന്ററിൽ വച്ചായിരുന്നു പ്രസ്തുത ആഘോഷം നടത്തിയത്. അതേത്തുടർന്ന് റോമിൽവച്ച് മെയ് 6-ാം തീയതി നടന്ന സെനക്കിൾ സമ്മേളനത്തിലും 7-8 തീയതികളിൽ നടന്ന ജനറൽ കൗൺസിൽ മീറ്റിംഗിലും സംബന്ധിച്ചതിനുശേഷം ബഹു. മല്പാനച്ചൻ മെയ് 10-ാം തീയതി നാട്ടിൽ തിരിച്ചെത്തി.


-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.

# ആയിരം കണ്ണുമായി കാത്തിരുന്നു നിന്നെ ഞാൻ

അശ്വതി പുതുമന
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

'എന്നെ കാത്തിരിക്കാൻ, എന്നെപ്പറ്റി അന്വേഷിക്കാൻ ഒരാളുണ്ട്' എന്ന തോന്നലാണ് നമ്മെ ഓരോരുത്തരെയും മുമ്പോട്ടു ജീവിക്കാൻ പ്രേരിപ്പിക്കുന്നത്. പല ആത്മഹത്യാക്കുറിപ്പുകളും ഇങ്ങനെ അവസാനിക്കുന്നു – 'എനിക്ക് ഈ ലോകത്തിൽ ആരുമില്ല. എന്നെ ഒന്നന്വേഷിക്കാനോ ജീവിച്ചിരിപ്പുണ്ടോ എന്ന് ഒന്നറിയുവാനോ ആരുമില്ല. അതിനാൽ ഞാൻ എന്റെ ജീവിതം അവസാനിപ്പിക്കുന്നു'. എത്ര സൗഭാഗ്യങ്ങൾക്കു നടുവിൽ ജീവിച്ചാലും എന്തെല്ലാം നേട്ടങ്ങൾ കരസ്ഥമാക്കി മുന്നേറിയാലും എത്രമാത്രം ശക്തനും ധീരനുമായാലും കാത്തിരിക്കാൻ ഒരാളില്ലല്ലോ എന്ന തോന്നൽ അവനെ അപ്പാടെ തളർത്തിക്കളയുന്നു.

അതുകൊണ്ടുതന്നെയാണ് ബൈബിൾ എന്ന മഹാഗ്രന്ഥം കാത്തിരിപ്പിന്റെ ഒരു വലിയ കഥ നമ്മോടു പറയുന്നത്. മടുപ്പില്ലാതെ രാപകൽ മനുഷ്യനെ കാത്തിരിക്കുന്ന ദൈവത്തെ ബൈബിൾ നമുക്കു കാണിച്ചു തരുന്നു. ഉല്പത്തി പുസ്തകം മുതൽ ഈ കാത്തിരിപ്പ് നമുക്ക് കാണുവാൻ സാധിക്കും. പറുദീസായിലെ മനുഷ്യൻ പാപം ചെയ്തിട്ടും കാരുണ്യത്തോടെ അവനെ അന്വേഷിക്കുന്ന ദൈവം... പാപം ചെയ്തു ദൈവത്തിൽനിന്നും അകന്ന ഇസ്രായേൽജനതയെ അവരുടെ മടങ്ങിവരവിനായി കാത്തിരിക്കുന്ന ദൈവം... പെറ്റമ്മ മറന്നാലും ഞാൻ നിന്നെ മറക്കില്ല എന്ന് നെഞ്ചോടു ചേർത്തുനിർത്തി പറയുന്ന ഒരു ദൈവം നമുക്കല്ലാതെ ഏതു ജനതയ്ക്കാണ് നല്കപ്പെട്ടിരിക്കുന്നത്!



പുതിയനിയമം ധൂർത്തപുത്രന്റെ ഉപമയിലൂടെ കാത്തിരിപ്പിന്റെ ആഴവും അർത്ഥവും നമുക്കു മനസ്സിലാക്കി തരുന്നു. എത്ര പാപം ചെയ്താലും എത്ര അകന്നാലും കാത്തിരിക്കുന്ന ദൈവം. ആരൊക്കെ തള്ളിപ്പറഞ്ഞാലും, ആരെല്ലാം ഉപേക്ഷിച്ചാലും ചേർത്തു പിടിക്കുന്ന ദൈവം. ദൈവത്തിനറിയാം മനുഷ്യന്റെ ഏറ്റവും വലിയ ആവശ്യം, അവന് മുമ്പോട്ടു ജീവിക്കാൻ ആവശ്യം, കാത്തിരിക്കുന്ന ഒരാളുടെ സാന്നിദ്ധ്യമാണ് എന്ന്. അതാണ് പുതിയനിയമത്തിൽ കാത്തിരിക്കുന്ന, അലിവുള്ള ഒരു പിതാവായി ദൈവം തന്നെത്തന്നെ അവതരിപ്പിക്കുന്നത്.

അതെ, നമ്മെ കാത്തിരിക്കാൻ ഒരു ദൈവമുണ്ട്. ഒറ്റപ്പെടുത്താതെ, മാറ്റിനിർത്താതെ, ഉപേക്ഷിച്ചു കളയാതെ, പാപത്തിന്റെ അഗാധതയിൽ തള്ളിക്കളയാതെ കൂടെ നില്ക്കുന്ന ഒരു ദൈവമുണ്ട് നമുക്ക്. എന്തു സംഭവിച്ചാലും, മറ്റാരോടും തുറന്നു പറയാൻ പറ്റാത്ത ജീവിതാനുഭവങ്ങൾ ഉണ്ടായാലും അതെല്ലാം കേൾക്കാനും, കൂടെനിന്നു ശക്തിപ്പെടുത്താനും ഒരു ദൈവമുണ്ട് നമുക്ക്. നമുക്കു മുമ്പേ പോയി നമ്മുടെ ജീവിതത്തിൽനിന്നും നമുക്കു തനിയെ മാറ്റാൻ സാധിക്കാത്ത പാറക്കല്ലുകളെ മാറ്റി നമ്മുടെ വഴികളെ സുഗമമാക്കി തീർക്കുന്ന ഒരു ദൈവം നമുക്കുണ്ട്.

മുൾക്കാട്ടിൽ ഉടക്കിക്കിടക്കുന്ന ആട്ടിൻകുട്ടിയാണെങ്കിലും എന്നെയും തേടിവരാൻ, തോളിലേറ്റാൻ എനിക്ക് എന്റെ ദൈവമുണ്ട്. യജമാനത്തിയുടെ കയ്യിൽനിന്നും വഴുതിവീണ് ഒരു മൂലയിൽ മാറിക്കിടക്കുന്ന നാണയമാണെങ്കിലും എന്നെ അന്വേഷിക്കുവാനും എന്റെ തിരിച്ചുവരവിൽ സന്തോഷിക്കാനും എനിക്ക് എന്റെ ദൈവമുണ്ട്.

നമ്മെ കാത്തിരിക്കുന്ന, അന്വേഷിക്കുന്ന ആ ദൈവത്തിലേക്കു നമുക്കു മടങ്ങിപ്പോകാം. എവിടെയോ വായിച്ച ഒരു ചിന്തകൂടി പങ്കുവയ്ക്കട്ടെ... “ആശ്രയിക്കാൻ ഒരു ദൈവമുണ്ടെന്നതായിരിക്കട്ടെ നമ്മുടെ ബലം; വഴിനടത്താൻ ഒരു ദൈവമുണ്ടെന്നതായിരിക്കട്ടെ നമ്മുടെ ധൈര്യം; സ്നേഹിക്കാൻ ഒരു ദൈവമുണ്ടെന്നതായിരിക്കട്ടെ നമ്മുടെ പ്രചോദനം; വിശ്വസിക്കാൻ ഒരു ദൈവമുണ്ടെന്നതായിരിക്കട്ടെ നമ്മുടെ വിജയം; മനസ്സിലാക്കാൻ ഒരു ദൈവമുണ്ടെന്നതായിരിക്കട്ടെ നമ്മുടെ ശക്തി”.

അതെ, ആയിരം കണ്ണുമായി പിതാവായ ദൈവം നമ്മെ കാത്തിരിക്കുന്നു.

## Spirituality Centre Programme

| June | | July | |
|---|---|---|---|
| 05 | Commitment of Co-Operatives | 06 | Social Animators' Meet |
| 08 | School of Bible | | |
| 11 | Bible Study Forum | 09 | Bible Study Forum |
| 11-12 | Cenacle Gathering (Sodales & Aspirants) | 09-10 | Cenacle Gathering (Sodales & Aspirants) |
| 15 | Founder's Day | 13 | School of Bible |
| 16-21 | Liturgical Retreat | 20 | Recollection for Oblates |
| 22 | Recollection for Oblates | | |

# നിത്യസഹായകൻ



**അനിത ആത്രശ്ശേരിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

സത്യസ്വരൂപനാം ഈശോതൻ വാഗ്ദാന
നിത്യ സഹായകനുന്നത രാജനേ
സത്യവിശ്വാസത്തിനുത്തമ സാക്ഷിയായ്
തീർന്നീടാൻ ദാനവരങ്ങളിന്നേകണേ

വിദ്യാവിഹീനരാം ശ്ലീഹർക്കു വിജ്ഞാന
ദാനം പകർന്നതാം ഉന്നതശില്പിയേ
അജ്ഞാതമാം വഴിത്താരയിൽ ഞങ്ങളും
കാണട്ടെ നിൻ ദിവ്യസ്നേഹ പ്രദീപത്തെ



മുക്കുവ സോദരിൽ ശക്തിചൈതന്യമായ്
മൃത്യുവേ പോലും ഭയക്കാതവികല
ദിവ്യസ്നേഹ സാക്ഷിയായ്തീർന്നപോൽ
ഞങ്ങളും നിൻധീര സാക്ഷികളാകട്ടെ

തിന്മതൻ വഞ്ചന  തീണ്ടാതിവരെന്നും
തിങ്ങും പ്രതീക്ഷയിൽ യാത്രചെയ്തിടുവാൻ
ജ്വാലയായ് മേവണം മാനസേ നിത്യവും
നിത്യ വിശുദ്ധിതൻ ദാനമായേകണേ

ജീവനു മാതാവും സത്യവുമാകുന്ന
കർത്തൃവചനങ്ങൾ പാലിച്ചു ഭൂതലെ
നിന്നുടെ സാക്ഷിയായ് തീർന്നു ചരിക്കണം
നിത്യമാം ജീവനവകാശമാകാൻ

തിരുവോസ്തിയിൽവാഴും പാവന റൂഹായേ
തീർക്കണേ ഞങ്ങളെ നിൻ സഹവാസത്താൽ
ദിവ്യകാരുണ്യമായ് നിന്നവകാശിയായ്
ജീവിക്കും വിശ്വാസദീപമായ് പാരിതിൽ



# ഒറ്റതിരിയാതെ

**സാബി കോഴിക്കോട്**

**ഭ**വനസന്ദർശനം ഒരു പാഠപുസ്തകമാണ്. കുറച്ചുനാൾ മുമ്പ് ഞാനും എന്റെ കുറച്ചു കൂട്ടുകാരുംകൂടി ഒരു ഭവനസന്ദർശനം നടത്തി. തീരെ ചെറുതെങ്കിലും വളരെ മനോഹരമായി അടുക്കും ചിട്ടയും പാലിച്ചിരിക്കുന്ന ഒരു വീട്ടിൽ ഞങ്ങൾ എത്തി. അകത്ത് ഐശ്വര്യം തുളുമ്പുന്ന ഒരമ്മച്ചി ജപമണികളുരുട്ടി പ്രാർത്ഥനയോടെ കട്ടിലിൽ ചാരിയിരിക്കുന്നു. അമ്മച്ചിക്ക് ബോറടിക്കാതിരിക്കാൻ മകൻ ശാലോം ചാനൽ ഓൺ ചെയ്തു വച്ചിരിക്കുന്നു. ഞങ്ങളെ കണ്ടതേ അമ്മച്ചി സന്തോഷഭരിതയായി സ്വാഗതമരുളി. നടക്കുമ്പോൾ വേച്ചുപോകുന്ന അമ്മ, തന്റെ 'പാതി' സ്വർഗ്ഗത്തിലേക്കു പോയതിന്റെ ഓർമ്മകളിൽ കണ്ണീർ പൊഴിച്ചു.



കുഞ്ഞുങ്ങളേ... ദൈവം ഒരുമിപ്പിച്ചതു മുതൽ ദൈവം കൊണ്ടുപോകുന്നതുവരെ ഞങ്ങൾ ഒരിക്കലും ഒറ്റതിരിഞ്ഞു നിന്നിട്ടില്ല. എവിടെപ്പോയാലും ഒരുമിച്ചേ പോയിട്ടുള്ളൂ. 'ഇണപ്രാവുകൾ' എന്നാ ഞങ്ങളെ കളിയാക്കി വിളിച്ചിരുന്നത്. മരണസമയത്ത് ചാക്കോച്ചൻ ഒന്നേ പറഞ്ഞുള്ളൂ. മേരീ, നിന്റെ കാര്യമോർത്തേ എനിക്കു മനസ്സിനു ഭാരമുള്ളൂ. ഞാൻ പോയാൽ നിന്റെ കാര്യം... അമ്മച്ചി മുഴുവൻ പറയിച്ചില്ല. ചാക്കോച്ചൻ വിഷമിക്കേണ്ട. നമ്മുടെ സ്നേഹം കണ്ടു വളർന്ന നമ്മുടെ മക്കൾ എന്നെ പൊന്നുപോലെ നോക്കും. അമ്മയുടെ ഈ വിശ്വാസം സത്യമായി ഭവിച്ചു. മൂന്ന് ആൺമക്കളും അമ്മയെ തങ്ങളാലാവുംവിധം നോക്കുന്നു. വലിയ സമ്പത്തൊന്നുമില്ലെങ്കിലും തങ്ങളുടെ സമ്പത്തായി അവർ അമ്മയെ കരുതി. അമ്മച്ചിക്ക് അവരെപ്പറ്റി ഇന്നുവരെ ഒരു പരാതിയുമില്ല. ഒരുമയുണ്ടാവണമെങ്കിൽ സമ്പത്തു വേണമെന്നുള്ളത് വെറും പൊള്ളത്തരം തന്നെ.

'ഒറ്റയാന്മാർ' എന്നും സമൂഹത്തിന്, നാടിന്, ഒരു ഭാരമാണ്. അവന് അപരന്റെ സ്നേഹം മനസ്സിലാക്കാനാവില്ല, അംഗീകരിക്കാനാവില്ല. തെറ്റു

കൾ സ്വയം തിരുത്താനുമാവില്ല. താൻപോരിമയുടെ കൂടുകളായിരിക്കും അവർ. സ്ഥാപനങ്ങളെ നശിപ്പിക്കുന്നതും ഭവനങ്ങളെ നിലംപരിശാക്കുന്നതും രാജ്യങ്ങളിൽ ഭീകരപ്രവർത്തനങ്ങൾ കുത്തിനിറയ്ക്കുന്നതും ഇത്തരം ഒറ്റ തിരിഞ്ഞ വ്യക്തിത്വങ്ങളായിരിക്കും. അക്രമവാസന അവന്റെ മുഖമുദ്രയായിരിക്കും. കാടുകളെ പ്രകമ്പനം കൊള്ളിക്കുന്ന 'ഒറ്റയാനും' ഇതിൽനിന്നും വ്യത്യസ്തമല്ലല്ലോ.

ഇന്ന് തിരിയലുകളുടെയും പിരിയലുകളുടെയും കാലമാണ്. കൂടിയിരിക്കുന്നതിനെക്കാൾ പിരിഞ്ഞിരിക്കാനുള്ള വ്യഗ്രതയിലാണ് മനുഷ്യരിൽ ഏറിയ പങ്കും. ദൈവം ആരെയും ഏകാന്തതയിലേക്കു തള്ളിവിട്ടിട്ടില്ല. അവിടുത്തെ സ്വഭാവംതന്നെ പുത്രനോടും പരിശുദ്ധാത്മാവിനോടുമുള്ള കൂട്ടുകെട്ടിലടങ്ങിയിരിക്കുന്നു. ഒന്നുമല്ലാത്തവനായ മനുഷ്യന്, എല്ലാമായ ദൈവത്തിന്റെ 'കൂട്ട്' വേണമെന്ന് അവിടുത്തേക്ക് അറിയാമായിരുന്നു. അതുകൊണ്ടുതന്നെയാണ് "തന്നിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചത്" (യോഹ 3,16). ദൈവത്തിന്റെ കൂട്ടാണ് മനുഷ്യമക്കളെ മറ്റ് യഥാർത്ഥ കൂട്ടുകളിലേക്കു നയിക്കുന്നത്. ഇവിടെ സ്വാർത്ഥതയ്ക്കു സ്ഥാനമില്ല. സുവിശേഷങ്ങളിൽ ഈശോയുടെ കൂട്ടുപിടിച്ചവരെല്ലാം മാനസാന്തരപ്പെട്ടവരായി; മനുഷ്യർക്കു പ്രിയപ്പെട്ടവരായി; സമൂഹം വില നല്കുന്നവരായി. എന്നും ലോകം വണങ്ങുന്ന വിശുദ്ധ സാന്നിദ്ധ്യങ്ങളായി. പന്നിക്കുഴിയിൽനിന്നും ദൈവസ്നേഹത്തിന്റെ ഹൃദയത്തിലേക്കു നടന്നു കയറിയ ധൂർത്തപുത്രനും, പാപത്തിന്റെ പൂഴിമണ്ണിൽനിന്നും ഈശോയാകുന്ന നീലാകാശത്തിലേക്കു പറന്നുയർന്ന പാപിനിയായ സ്ത്രീയും, ധാർഷ്ട്യത്തിന്റെ പടവാളു വിട്ട് കർത്താവിന്റെ കുരിശിൽ മനസ്സുറപ്പിച്ച പത്രോസുമൊക്കെ നമ്മെ പഠിപ്പിക്കുന്നത് ഒറ്റതിരിയലിന്റെ സാമൂഹ്യശാസ്ത്രമല്ല. മറിച്ച് കൂട്ടുകെട്ടിന്റെ സ്നേഹശാസ്ത്രമാണ്.

നമുക്കു ദൈവം തന്ന ജീവിതപങ്കാളിയെ, സമൂഹത്തെ, കുടുംബത്തെ, സുഹൃത്തുക്കളെ, ഇടവകയെ പിരിഞ്ഞ് ഒറ്റതിരിഞ്ഞുള്ള ജീവിതം എത്ര അസ്സഹനീയമാണ്.

നമുക്ക് ആഗ്രഹിക്കാം...കർത്താവേ, എനിക്കുവേണം നിന്റെ കൂട്ട്... കാരണം നീയില്ലാതെ മറ്റൊരു കൂട്ട് എനിക്കസാദ്ധ്യമാണ്.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**

വിചാരണ

# പത്രമാണിന്നു ദൈവം

റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ
കാഞ്ഞിരപ്പള്ളി രൂപത

"**ക**ടയിൽപോയി പത്തു കോഴിമുട്ട വാങ്ങി. തിരിച്ചു വീട്ടിൽവന്ന് മുട്ട പൊതിഞ്ഞിരുന്ന പേപ്പർ തുറന്നപ്പോൾ അതാ പത്തു കോഴിക്കുഞ്ഞുങ്ങൾ... അപ്പോഴാണ് മുട്ട പൊതിഞ്ഞിരുന്ന പേപ്പർ ശ്രദ്ധിച്ചത്. അത് ...പത്രമായിരുന്നു". കഴിഞ്ഞ കുറേ ദിവസങ്ങളായി സോഷ്യൽ മീഡിയായിൽ നിറഞ്ഞാടുന്ന, വളരെ വൈറലായ ചില ട്രോളുകളിൽ സഭ്യമായ ഒന്നിൽ കുറിച്ചിരിക്കുന്ന വാക്കുകളാണിത്. കത്തോലിക്കാസഭ അകത്തുനിന്നും പുറത്തുനിന്നും വലിയ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ലോകത്തിലെ ഏറ്റവും കെട്ടുറപ്പുള്ളതും വ്യവസ്ഥാനുസൃതവുമായ സഭയെ തകർക്കുവാൻ പല പ്രസ്ഥാനങ്ങളും സംഘടനകളും കാലാകാലങ്ങളായി കിണഞ്ഞു ശ്രമിക്കുന്നുണ്ടെങ്കിലും അതിൽ വിജയിക്കാൻ അവർക്കു കഴിഞ്ഞിട്ടില്ലെന്നത് ഇപ്പോഴും അവരെ അലോസരപ്പെടുത്തുന്ന ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ടു തന്നെ കിട്ടുന്ന അവസരങ്ങളെല്ലാം പരമാവധി ഉപയോഗിച്ച് സഭയുടെ പ്രകാശത്തെ മറയ്ക്കുവാൻ അവർ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈസ്റ്റർദിനത്തിൽ ശ്രീലങ്കയിൽ സംഭവിച്ചതുപോലെയുള്ള ഭീകരാക്രമണങ്ങളും ബുദ്ധിജീവികളെന്നു നടിക്കുന്നവരിൽനിന്നുണ്ടാകുന്ന ബൗദ്ധികാക്രമണങ്ങളും സഭയുടെ ചരിത്രവഴികളിൽ ധാരാളം കാണുവാൻ കഴിയും. എന്നാൽ അടുത്ത കാലത്തായി സഭയ്ക്കെതിരെ പുതിയൊരു ആക്രമണതന്ത്രം രൂപപ്പെട്ടിരിക്കുകയാണ്. സഭയിലുണ്ടാകുന്ന ഒറ്റപ്പെട്ട പ്രശ്നങ്ങളെ സാമാന്യവൽക്കരിച്ച് സഭ സ്വഭാവത്താലെ തിന്മ നിറഞ്ഞ സമൂഹമാണെന്നു സോഷ്യൽ മീഡിയായും മറ്റും ഉപയോഗിച്ച് ആവർത്തിച്ചു പറഞ്ഞ് മനുഷ്യമനസ്സിൽ നിഷേധാത്മകമായ ഒരു മനോഭാവം സൃഷ്ടിക്കുകയെന്ന ഹീനതന്ത്രമാണ് ഇപ്പോൾ ഏറ്റവും കൂടുതൽ സഭയ്ക്കെതിരേ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അതിന് ഉപയോഗിക്കുന്നതാകട്ടെ പല പള്ളികളിലും വിമതസ്വരമുയർത്തിക്കൊണ്ടിരിക്കുന്ന ചില വ്യക്തികളെയും. ഇങ്ങനെ ഓരോ ദിവസവും സഭയ്ക്കെതിരേ ഇര തേടിക്കൊണ്ടിരിക്കുന്നവർക്ക് സഭയ്ക്കുള്ളിൽനിന്നുതന്നെ ഇപ്പോൾ നിരവധി അവസരങ്ങൾ കിട്ടുന്നുവെന്നത് നിർഭാഗ്യകരമായ ഒരു യാഥാർത്ഥ്യമാണ്. സഭയിലെ ചില വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും വീഴ്ചകൾമൂലമുണ്ടാകുന്ന പ്രതിസന്ധികൾക്ക് ഒരു കുറവുമില്ല. എന്നാൽ അതിനേക്കാൾ ഗുരുതരമായ മറ്റൊരു പ്രതിസന്ധി വിശ്വാസപരമായ കാര്യങ്ങളിൽ സംഭവിക്കുന്ന അപചയങ്ങളാണ്. അങ്ങനെയുള്ള പ്രശ്നങ്ങളെ സഭയെ പരിഹാസപാത്രമാക്കാനുള്ള ഉപാധിയാക്കി ചിലർ മാറ്റുന്നു എന്നതിന്റെ ഉദാഹരണമാണ് മുകളിൽ കൊടുത്തിരിക്കുന്ന ട്രോളിലെ വാക്കുകൾ. അടിക്കാൻ നല്ല പുളിവടിതന്നെ വെട്ടിക്കൊടുത്തിട്ട് എന്നെ തല്ലുന്നേയെന്നു നിലവിളിക്കുന്ന അവസ്ഥയാണിന്നു പലപ്പോഴും സഭയിലുണ്ടാകുന്നത്. ആലപ്പുഴയിൽനിന്നു വിതരണം ചെയ്യുന്ന ഒരു പത്രമാണ് ഇപ്പോഴത്തെ പുതിയ വടി.

ആ പത്രത്തിൽ അച്ചടിച്ചുവരുന്ന സാക്ഷ്യമൊഴികളനുസരിച്ച് ജീവിതത്തിലെ എല്ലാ പ്രശ്നങ്ങൾക്കുമുള്ള ഒറ്റമൂലിയാണ് ആ പ്രാർത്ഥനാകേന്ദ്രത്തിലെ ഉടമ്പടിയും അതിന്റെ ഭാഗമായ പത്രവും. വിശ്വാസികളുടെ ആത്മീയതയുടെ പാപ്പരത്തം അച്ചടിച്ചു പ്രസിദ്ധീകരിക്കുന്ന പത്രമെന്നു മാത്രമാണ് അതിനു കൊടുക്കാവുന്ന വിശേഷണം. കായ്ക്കാത്ത കുടംപുളിമരം കായ്ക്കാൻവേണ്ടി ആ മരത്തിൽ ഈ പത്രം കെട്ടിവച്ചിരിക്കുന്ന ഒരു ഫോട്ടോയും കഴിഞ്ഞ ദിവസം സോഷ്യൽ മീഡിയായിൽ കണ്ടു. അവിടെയെത്തി നില്ക്കുന്നു പത്രത്തിന്റെ അത്ഭുത

ശേഷി! ആത്മീയതയുടെ അടിതെറ്റിയാൽ സംഭവിക്കാവുന്ന അപചയത്തിന്റെ നേർച്ചിത്രമായി ഈ പത്രം ഇന്നു സമൂഹത്തിൽ പ്രചരിപ്പിക്കപ്പെടുന്നു. ഓരോ പ്രാർത്ഥനാകേന്ദ്രങ്ങളും വെറൈറ്റിയ്ക്കുവേണ്ടിയും ആളുകളെ അവിടേയ്ക്കാകർഷിക്കാൻവേണ്ടിയും ഇതുപോലുള്ള വ്യത്യസ്തവും വികലവുമായ തന്ത്രങ്ങൾ സ്വീകരിക്കുമ്പോൾ സഭ സമൂഹമദ്ധ്യത്തിൽ അപഹാസ്യമാക്കപ്പെടുന്നു എന്നു മാത്രമല്ല, ശരിയായ വിശ്വാസജീവിതത്തിന്റെ വഴികൾ ദുർഘടമാക്കപ്പെടുകയും ചെയ്യുകയാണ്. പലപ്പോഴും ഇങ്ങനെയുള്ള കേന്ദ്രങ്ങളെക്കുറിച്ച് വിമർശനാത്മകമായി സംസാരിക്കുമ്പോൾ സാധാരണ വിശ്വാസികൾ പറയുന്ന ഒരു ന്യായം അവിടെ നടക്കുന്ന അത്ഭുതങ്ങൾ അവരുടെ വിശ്വാസത്തെ ഉറപ്പിക്കുന്നു എന്നതാണ്. എന്നാൽ അത്ഭുതങ്ങൾ എന്നു വിളിക്കപ്പെടുന്ന അനുഭവങ്ങളെ വിശ്വാസത്തിന്റെ അടിസ്ഥാനമാക്കി പ്രതിഷ്ഠിക്കുന്നതിലെ അപകടം ആരും തിരിച്ചറിയുന്നില്ല. കാരണം, ഈ പറയുന്ന അത്ഭുതങ്ങൾ കത്തോലിക്കാസഭയുടെമാത്രം കുത്തകയല്ല. ഏതെല്ലാം മതവിഭാഗങ്ങളിൽ എന്തെല്ലാം അത്ഭുതങ്ങൾ നടക്കുന്നുവെന്ന വാർത്തകളാണ് നാം എന്നും കേട്ടുകൊണ്ടിരിക്കുന്നത്. ഏതായാലും സ്വന്തം ഇടവകപ്പള്ളിയിലെ പരി. കുർബാനയിലും മറ്റു കൂദാശകളിലും നടക്കുന്ന അത്ഭുതത്തെ തിരിച്ചറിയാതിരിക്കുകയും മുകളിൽ പറഞ്ഞ പത്രത്തിലൂടെ അത്ഭുതങ്ങൾ അനുഭവിക്കുകയും ചെയ്യുന്നവർ തങ്ങളുടെ വിശ്വാസത്തെ നന്നായൊന്നു വിലയിരുത്തേണ്ടതായിട്ടുണ്ട്. പാസ്പോർട്ട് പത്രത്തിൽ പൊതിഞ്ഞുവച്ച് വിദേശത്തു ജോലി നേടിയവരും പത്രം തലയിൽ കെട്ടിവച്ച് ബ്രെയിൻ ട്യൂമർ കരിച്ചു കളഞ്ഞവരും പത്രം വയറ്റിൽ കെട്ടിവച്ച് ഗർഭം ധരിച്ച വന്ധ്യകളും പത്രം ചവച്ചുതിന്ന് വയറിളക്കം നിർത്തിയവരും പത്രം കെട്ടിവച്ച് ഒടിഞ്ഞ അസ്ഥികൾ പുനഃസ്ഥാപിച്ചവരുമൊക്കെ പത്രത്തിന്റെ സാക്ഷ്യത്താളുകളിൽ നിറയുമ്പോൾ പ്രത്യേകിച്ച് അനുഭവമൊന്നും കിട്ടാത്ത പരി. കുർബാനയ്ക്കും കൂദാശകൾക്കുമൊക്കെ എന്തു വില... ഈ പത്രം വിതരണം ചെയ്യുന്ന കേന്ദ്രത്തിലും കാണുമല്ലോ പരി. കുർബാനയർപ്പണവും സഭയുടെ മറ്റ് ഔദ്യോഗിക കർമ്മങ്ങളും. പക്ഷേ, അവിടെ ഓടിക്കൂടുന്നവരിൽ ആരും അതിനെക്കുറിച്ച് ഒരു വാക്കുപോലും പറയുന്നതു കേൾക്കുന്നതുമില്ല. ചുരുക്കത്തിൽ അവിടുത്തെ ഉത്തരവാദിത്വപ്പെട്ടവരും പ്രാധാന്യം കൊടുക്കുന്നത് ഈ പത്രാഭിഷേകത്തിനും കച്ചവടത്തിനുമാണെന്നു ചിന്തിക്കേണ്ടി വരുന്നു. മറ്റു പല അനുഭവങ്ങളിലുമെന്നതുപോലെ ഇവിടെയും വിശ്വാസികളെ വഴിതിരിച്ചുവിടുന്ന ഈ കേന്ദ്രത്തെ നിയന്ത്രിക്കുവാൻ സഭയുടെ ഉത്തരവാദിത്വപ്പെട്ടവരിൽനിന്ന് ഒരു നീക്കവുമുണ്ടാകുന്നില്ല എന്നതും നിർഭാഗ്യകരമാണ്. ആൾക്കൂട്ടത്തിന്റെ വലുപ്പത്തിൽ സഭയുടെ മഹത്ത്വം കാണുന്ന നേതൃത്വങ്ങൾ നാടുനീങ്ങാതെ ഇങ്ങനെയുള്ള കുറവുകൾ പരിഹരിക്കപ്പെടുകയില്ല.

ശരിയായ വിശ്വാസപരിശീലനവും അനുഭവദായകമായ കൂദാശയർപ്പണങ്ങളും സഭയിൽ ഉണ്ടാകാത്തിടത്തോളംകാലം ഇങ്ങനെയുള്ള പ്രസ്ഥാനങ്ങൾ ഒന്നിനുപുറകെ ഒന്നായി ഉയർന്നുവന്നുകൊണ്ടിരിക്കും. തികച്ചും ഒരു സ്വകാര്യഭക്താനുഷ്ഠാനമായ ജപമാലപ്രാർത്ഥന ചൊല്ലുമ്പോഴുള്ള നിഷ്ഠപോലും സഭയുടെ ഔദ്യോഗികമായ ആരാധനക്രമം പരികർമ്മം ചെയ്യുമ്പോൾ പുലർത്താതെ വിശ്വാസികൾക്കുമുമ്പിൽ അതിനെ വിലകുറച്ചു കാണിക്കുന്ന അഭിഷിക്തരും സഭയിൽ സത്യവിശ്വാസത്തിനു നിരക്കാത്ത പ്രസ്ഥാനങ്ങൾ ഇതുപോലെ വളർന്നുവരുമ്പോൾ അതിനെ നിയന്ത്രിക്കാൻ ശ്രദ്ധിക്കാത്ത സഭാനേതൃത്വങ്ങളും എവിടെയെങ്കിലും അത്ഭുതങ്ങളെക്കുറിച്ചുള്ള കഥകൾ കേൾക്കുമ്പോൾ ഇടവകപ്പള്ളിയെയും കൂദാശകളെയുംവിട്ട് വണ്ടീംപിടിച്ച് അവിടേക്കു പായുകയും അങ്ങനെയുള്ള കേന്ദ്രങ്ങളുടെ ഏജന്റുകളായി മാറുകയും ചെയ്യുന്ന വിശ്വാസികളും ഒരുമിച്ചിരുന്ന് ഞാൻ പിഴയാളി ചൊല്ലേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അല്ലെങ്കിൽ വിശ്വാസത്തിൽ ഇതുപോലുള്ള കോമാളിക്കളികൾ കൂടുകയും അതെല്ലാം സഭയുടെ പ്രകാശത്തെ കെടുത്തുവാൻ ശ്രമിക്കുന്നവർക്ക് ആയുധമായിത്തീരുകയും ചെയ്യും.




**ഒന്നാം ദിവ്യരഹസ്യം:**

"ഞാൻ പോകുന്നതാണ് നിങ്ങൾക്കു നല്ലത്. ഞാൻ പോയാൽ സഹായകനെ നിങ്ങളുടെ അടുക്കലേക്ക് ഞാൻ അയയ്ക്കും" (യോഹ 16,7)

പരിശുദ്ധ അമ്മേ, നിത്യസഹായകനായ പരിശുദ്ധാത്മാവിനെ നിത്യവും സ്വീകരിച്ചുകൊണ്ട് ഞങ്ങളുടെ ഈലോകയാത്രയിൽ വഴിതെറ്റാതെ, ലോകത്തിന്റെ മക്കളാകാതെ, സ്വർഗത്തിലെത്താൻവേണ്ട കൃപാവരത്തിനായി അങ്ങു പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**

"സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണതയിലേക്കു നയിക്കും" (യോഹ 16,7.13).

പരിശുദ്ധ അമ്മേ, അനുദിന ജീവിതത്തിൽ സത്യത്താൽ സ്വതന്ത്രരാകുവാനും സത്യം അറിഞ്ഞു ജീവിക്കുവാനും ഞങ്ങളെ പഠിപ്പിക്കുന്ന സത്യാത്മാവിനെ സ്വീകരിച്ച്, അനുസരിച്ച്, അനുദിനം ജീവിക്കുവാൻ വേണ്ട കൃപാവരത്തിനായി അങ്ങു പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**

"എന്താണ് പറയേണ്ടത് എന്ന് തക്കസമയത്ത് പരിശുദ്ധാത്മാവ് നിങ്ങളെ ഓർമ്മിപ്പിക്കും" (ലൂക്കാ 12,11).

പരിശുദ്ധ അമ്മേ, ഞങ്ങൾ വിശുദ്ധി നിറഞ്ഞ ജീവിതം നയിക്കുവാനും, മറ്റുള്ളവരുമായി ഇടപെടുമ്പോഴും പരീക്ഷണസമയങ്ങളിലും ആത്മാവിന്റെ സഹായം തേടുന്നവരാകുവാനും വേണ്ട കൃപയ്ക്കായി അങ്ങു പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:**

"നമ്മുടെ ബലഹീനതയിൽ ആത്മാവു നമ്മെ സഹായിക്കുന്നു" (റോമാ 8,26).

പരിശുദ്ധ അമ്മേ, അനുദിന ജീവിതയാത്രയിൽ ഞങ്ങൾ ബലഹീനരാകുമ്പോൾ തളരാതെ, ഒറ്റപ്പെടുമ്പോൾ മനസ്സുമടുക്കാതെ, ആത്മാവിൽ പ്രത്യാശ വയ്ക്കുവാനും ജീവിതം വിശുദ്ധമാക്കി മാറ്റുവാനും വേണ്ട കൃപയ്ക്കായി അങ്ങു പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**

"പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥാനമായി നിങ്ങളും അവനിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു" (എഫേ 2,22)

പരിശുദ്ധ അമ്മേ, ഞങ്ങളോരോരുത്തരും ദൈവത്തിന്റെ വാസസ്ഥലമാണെന്നും അനുദിനം ജീവിതയാത്രയിലെ സഹനങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും അതു മനോഹരമായി പണിതുയർത്തപ്പെടുകയുമാണെന്ന ബോധ്യത്തിൽ പരിശുദ്ധാത്മാവിനോടു ചേർന്നു ജീവിക്കാൻ വേണ്ട ശക്തിക്കായി അങ്ങു പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*


“കർത്താവിന്റെ സ്നേഹം
ഒരിക്കലും അസ്തമിക്കുന്നില്ല;
അവിടുത്തെ കാരുണ്യം
അവസാനിക്കുന്നില്ല”
(വിലാപങ്ങൾ 3,22)

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th May 2019

Registered: KL/KTM/72/2018-20
Licence No:KL/CR/KTM/WPP-22/2018-20
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"ഈശോമിശിഹായിൽ ഞങ്ങളെ എപ്പോഴും
വിജയത്തിലേക്ക് നയിക്കുന്നവനായ ദൈവമേ,
നിന്റെ തിരുസന്നിധിയിൽ സദാ
ആത്മാർത്ഥതയുള്ളവരായി വ്യാപരിക്കുവാനും
പരിശുദ്ധാത്മാവിനാൽ നിറഞ്ഞ്
അനേകരിലേക്ക് സുവിശേഷം പകർന്നു നല്കി,
സുവിശേഷപരിമളം എങ്ങും പരത്തുവാനും
ഞങ്ങളെ പ്രാപ്തരാക്കണമേ"
(ശ്ലീഹാക്കാലം, തിങ്കൾ - എന്താനാ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published at Spirituality Centre, Manganam P.O, Kottayam - 686 018, Ph:0481- 2578192, Email: psmktm @ gmail com.
Editor : Fr. Mathew Vellanickal